ട്രേഡ് യൂണിയൻ
2021 സെപ്റ്റംബർ
വാല്യം: 44 ലക്കം: 07





## 5 സമരപഥങ്ങളിൽ

കെ.പി. രാജേന്ദ്രൻ



## 9 എ.ഐ.ടി.യു.സി വർക്കിംഗ് കമ്മിറ്റി യോഗത്തിൽ സ.അമർജിത് കൗർ അവതരിപ്പിച്ച റിപ്പോർട്ട്

13 തൊഴിലാളി, കർഷക, ബഹുജന ഐക്യം ശക്തി പ്രാപിക്കുന്നു

സത്യൻ മൊകേരി

17 പെട്രോളിയം ഉൽപ്പന്നങ്ങളും ജി.എസ്.ടിയും

ജയനാരായണൻ

20 പ്ലാനിങ് ബോർഡ് അസംഘടിത തൊഴിലാളി വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ

21 തൊഴിലാളികളേ, രാജ്യത്തെ രക്ഷിക്കൂ....

25 ഇന്ദ്രപ്രസ്ഥത്തിലെ വ്യാപാരമേള

31 സാമൂഹ്യ സുരക്ഷയില്ലാത്ത ലോകം

32 എല്ലാവർക്കും മാന്യമായ ജീവിതം


വിലാസം :
എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ ഓഫീസ്,
പി.എസ് സ്മാരകം, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം 4. ഫോൺ : 0471 2443634, 2441579
ഇമെയിൽ: aituckerala@gmail.com

ചീഫ് എഡിറ്റർ: കാനം രാജേന്ദ്രൻ
പത്രാധിപസമിതി: കെ.പി. രാജേന്ദ്രൻ, ജെ. ഉദയഭാനു, വി.ബി. ബിനു,
ആർ. പ്രസാദ്, എം.പി. ഗോപകുമാർ, എം.ജി. രാഹുൽ, കവിത രാജൻ
കവർ ഡിസൈൻ, ലെഔട്ട്: അനീഷ് കെ.പി.

## DEPARTMENT OF ECONOMICS & STATISTICS

No.DES/859/2021-P3(1) Thiruvananthapuram, 15/09/2021

**Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of July 2021**

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | June 2021 | July 2021 | June 2021 | July 2021 |
| 1 | Thiruvananthapuram | 2.11 | 182 | 181 | 384 | 382 |
| 2 | Kollam | 2.09 | 177 | 176 | 370 | 368 |
| 3 | Punalur | 2.10 | 181 | 181 | 380 | 380 |
| 4 | Pathanamthitta | 2.03 | 191 | 191 | 388 | 388 |
| 5 | Alappuzha | 2.05 | 191 | 189 | 392 | 387 |
| 6 | Kottayam | 2.08 | 183 | 183 | 381 | 381 |
| 7 | Mundakayam | 2.17 | 179 | 179 | 388 | 388 |
| 8 | Idukki | 1.97 | 177 | 178 | 349 | 351 |
| 9 | Ernakulam | 2.03 | 178 | 179 | 361 | 363 |
| 10 | Chalakkuddy | 2.00 | 190 | 190 | 380 | 380 |
| 11 | Thrissur | 1.87 | 190 | 191 | 355 | 357 |
| 12 | Palakkad | 2.09 | 170 | 171 | 355 | 357 |
| 13 | Malappuram | 2.00 | 184 | 185 | 368 | 370 |
| 14 | Kozhikode | 2.02 | 186 | 186 | 376 | 376 |
| 15 | Wayanad | 1.93 | 182 | 184 | 351 | 355 |
| 16 | Kannur | 2.02 | 192 | 193 | 388 | 390 |
| 17 | Kasargod | 2.05 | 193 | 196 | 396 | 402 |

* Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of February 2019 as ascertained by the Director General of Economics & Statistics under clause (C) of Section 2 of the Act.

Department of Economics & Statistics
Thiruvananthapuram, Dated 15/09/2021

**Sd/-**
**Babu P.V**
**(Director)**

**Website: www.ecostat.kerala.gov.in**
**Email: ecostatprice@gmail.com**

Copyright 2017 Department of Economics & Statistics



കെ പി രാജേന്ദ്രൻ
ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി.

# സമരപഥങ്ങളിൽ

സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്ത സെപ്റ്റംബർ 27 ലെ ഭാരത് ബന്ദ് രാജ്യത്തെ മഹാഭൂരിപക്ഷം ജനങ്ങളും ഹൃദയത്തിലേറ്റി വിജയിപ്പിച്ചു. ഓരോ സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന വാർത്തകൾ ആവേശകരമാണ്. കർഷകർ പ്രഖ്യാപിച്ച ഭാരത് ബന്ദിന് രാജ്യത്തെ ട്രേഡ് യൂണിയൻ സംഘടനകൾ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും നീണ്ടുനിന്ന ക്യാമ്പയിനുകൾ രാജ്യത്തുടനീളം നടത്തുകയും ചെയ്തു. തൊഴിലാളികളും കർഷകരും ഒന്നിച്ച് നടത്തിയ മഹാസമരം വലിയൊരു ബഹുജനപ്രക്ഷോഭമായി വളർന്നു കഴിഞ്ഞു എന്നതാണ് ഭാരത് ബന്ദിന്റെ വിജയം നൽകുന്ന കരുത്തും ആത്മവിശ്വാസവും. വിദ്യാർത്ഥികളും, യുവാക്കളും, സ്ത്രീകളും ഭാരത് ബന്ദ് വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ മുന്നിൽ തന്നെ അണി നിരന്നു. എഴുത്തുകാരും കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും കേന്ദ്ര, സംസ്ഥാന സർക്കാർ ജീവനക്കാരും, വിവിധ തലങ്ങളിലുള്ള സന്നദ്ധ സംഘടനകളുമെല്ലാം നൽകിയ പിന്തുണ വിലപ്പെട്ടതാണ്. രാജ്യത്തെ പ്രമുഖ പ്രതിപക്ഷ പാർട്ടികളെല്ലാം ഭാരത് ബന്ദിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചത് ഭാരത് ബന്ദ് വമ്പിച്ച വിജയമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

എഐടിയുസി, ഐഎൻടിയുസി, സിഐടിയു, എച്ച്എംഎസ് തുടങ്ങിയ പത്ത് കേന്ദ്ര ട്രേഡ് യൂണിയനുകളും മറ്റു ഫെഡറേഷനുകളും പൊതുമേഖലാ സംഘടനകളും ചേർന്ന് നടത്തി വരുന്ന യോജിച്ച തൊഴിലാളി സമരത്തിന് ഭാരത് ബന്ദിന്റെ വിജയം നൽകുന്ന ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ദേശീയാടിസ്ഥാനത്തിൽ നീണ്ടുനിൽക്കുന്ന പണിമുടക്ക് ഉൾപ്പെടെയുള്ള പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്നതിനാണ് തൊഴിലാളി സംഘടനകളുടെ തീരുമാനം. ഒക്ടോബർ 7 ന് പ്രഖ്യാപിച്ചിട്ടുള്ള രാജ്യത്തിന്റെ ആസ്തി വിൽപനക്കെതിരെയുള്ള സമരം അതിന്റെ ഭാഗമാണ്. കർഷകരും തൊഴിലാളികളും ഒന്നിച്ചു കൈകോർക്കുമ്പോൾ അതൊരു മഹാ ശക്തിയായി മാറും. മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ റദ്ദാക്കണമെന്നും, തൊഴിലാളി വിരുദ്ധ നിയമങ്ങളായ നാല് ലേബർ കോഡുകളും പിൻവലിക്കണമെന്നുള്ള ആവശ്യങ്ങളോടൊപ്പം ഈ ജനവിരുദ്ധ നിയമങ്ങളും നയങ്ങളും നടപ്പിലാക്കുന്ന ബി.ജെ.പി. സർക്കാരിനെ രാഷ്ട്രീയമായി തന്നെ നേരിടുന്നതിനുള്ള മുദ്രാവാക്യം ഉയർന്നു കഴിഞ്ഞു. ഉത്തരപ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, മണിപ്പൂർ, ഗോവ നിയമസഭകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന സാഹചര്യത്തിൽ ബി.ജെ.പിയെ പരാജയപ്പെടുത്തുക എന്ന മുദ്രാവാക്യത്തിന് വലിയ രാഷ്ട്രീയപ്രാധാന്യം ഉണ്ട്.

കേരളത്തിൽ ഭാരത് ബന്ദിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് 23 തൊഴിലാളി സംഘടനകൾ ഒന്നിച്ച് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ഹർത്താൽ ആചരിച്ചു. നല്ല ഒരുക്കങ്ങളോടെയാണ് ഭാരത് ബന്ദ് വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തിയത്. സെപ്റ്റംബർ 22 ന് വൈകുന്നേരം നടത്തിയ വിളംബര ഐക്യദാർഢ്യ പരിപാടി പന്തം കൊളുത്തി കൊണ്ടുള്ള വമ്പിച്ച പ്രതിഷേധ സമരമായി മാറി. സെപ്റ്റംബർ 27 ന് രാവിലെ തൊഴിലാളികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചെറിയ ഗ്രൂപ്പുകളായി സംസ്ഥാനത്തിന്റെ എല്ലാ മുക്കിലും മൂലയിലും, എല്ലാ തെരുവുകളിലും, പ്രധാന നിരത്തുകളിലെല്ലാം പ്രതിഷേധ മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഭാരത് ബന്ദിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. സംസ്ഥാനത്ത് മൂവായിരത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ പ്രതിഷേധ സമര പൊതുയോഗങ്ങൾ ചേർന്നു.

യുവജന, വിദ്യാർത്ഥി സംഘടനകൾ കഴിഞ്ഞ രണ്ടാഴ്ച തുടർച്ചയായി സംസ്ഥാനത്ത് നിരവധി യോഗങ്ങൾ സംഘടിപ്പിച്ചു. അദ്ധ്യാപക സർവ്വീസ് സംഘടനകളും ഭാരത് ബന്ദിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഹർത്താൽ വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. മഹിളാസംഘടനകളും ഈ പ്രവർത്തനങ്ങളിൽ ആവേശപൂർവ്വം പങ്കാളികളായി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഹർത്താൽ വിജയിപ്പിക്കുവാൻ ആഹ്വാനം ചെയ്തതോടൊപ്പം 5 ലക്ഷം പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിഷേധ പരിപാടിക്ക് നേതൃത്വം നൽകി. ഐക്യജനാധിപത്യ മുന്നണിയും സംസ്ഥാന ഹർത്താലിന് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. ഇത്രയും പിന്തുണയും പൊതുജന സഹകരണവും ഉണ്ടായ പ്രക്ഷോഭങ്ങൾ പുതിയൊരു അനുഭവമാണ് നമുക്ക് നൽകുന്നത്.

ഭാരത് ബന്ദിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും തൊഴിലാളി സംഘടനകൾ പ്രഖ്യാപിച്ച ഹർത്താൽ വലിയ വിജയമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നല്ലവണ്ണം സഹകരിക്കുകയും ചെയ്ത എല്ലാവരേയും അഭിവാദ്യം ചെയ്യുന്നു.

### സെപ്റ്റംബർ 24 സ്കീം വർക്കർമാരുടെ ദേശീയ പണിമുടക്ക്

സ്കീം വർക്കർമാർ എന്ന് വിശേഷിക്കപ്പെടുന്ന ആശ വർക്കർമാരും, അങ്കണവാടി വർക്കർമാരും, മി

ഡ്-ഡേ മീൽവർക്കർമാരും രാജ്യത്ത് ഒരു കോടിയിലേറെ വരും. തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾക്കൊന്നും ഈ സഹോദരിമാർ അർഹരല്ല എന്നാണ് സർക്കാർ ഭാഷ്യം. ദേശീയാടിസ്ഥാനത്തിൽ ഈ മൂന്ന് മേഖലകളിലും ഇന്ന് ശക്തമായ ട്രേഡ് യൂണിയൻ സംഘടനകൾ പ്രവർത്തിച്ചുവരുന്നു. എഐടിയുസി നേതൃത്വത്തിൽ എല്ലാ സംസ്ഥാനങ്ങളിലും യൂണിയനുകളും ദേശീയാടിസ്ഥാനത്തിൽ ഫെഡറേഷനുകളും പ്രവർത്തിച്ചുവരുന്നു. എഐടിയുസി ദേശീയ സെക്രട്ടറിമാരായ സഖാക്കൾ ഡോ.ബി.വി ജയ ലക്ഷ്മി, ഉഷാസാഹ്നി, ബബ്ളി റാവത്ത് എന്നിവർ ഈ ദേശീയ ഫെഡറേഷനുകൾക്ക് നേതൃത്വം നൽകുന്നു. എഐടിയുസി ദേശീയ ജനറൽ സെക്രട്ടറി സ: അമർജിത് കൗർ നിരന്തരമായി ഇടപെടുന്ന ഒരു മേഖല കൂടിയാണിത്.

സ്കീം വർക്കർമാരെ തൊഴിലാളികളായി അംഗീകരിക്കുക, മിനിമം വേതനം 21000/- രൂപ എല്ലാ ജീവനക്കാർക്കും നൽകുക, തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുക, കോവിഡ് വാക്സിൻ സാർവ്വത്രികമായി നൽകുന്നതോടൊപ്പം ഇൻഷുറൻസ് ഉൾപ്പെടെയുള്ള സംരക്ഷണം നൽകുക, ജോലിഭാരം കുറയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരന്തരമായി ഈ മേഖലകളിൽ ക്യാമ്പയിനുകളും സമരങ്ങളും നടന്നുവരുന്നുണ്ട്. കുറഞ്ഞ വേതനം ലഭിക്കുക്കുന്ന തൊഴിലാളികൾക്ക് തുച്ഛമായ ആ തുക പോലും കൃത്യമായി വിതരണം ചെയ്യുന്നില്ല എന്നത് എത്രമാത്രം ക്രൂരമായ നടപടിയാണ്.

45-ാം ഇന്ത്യൻ ലേബർ കോൺഫറൻസ് ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ എല്ലാം കേന്ദ്ര സർക്കാർ അവഗണിച്ചു. കേന്ദ്ര ബജറ്റിൽ വലിയ തോതിൽ ഈ മേഖലകൾക്കുള്ള പദ്ധതി വിഹിതം വെട്ടിക്കുറച്ചു. അങ്കണവാടികൾക്കുള്ള (ഐസിഡിഎസ്) തുക 30% ആണ് വെട്ടികുറച്ചത്. തൊഴിൽ നഷ്ടം, വരുമാന കുറവ്, അധിക ജോലിഭാരം, സുരക്ഷിതത്വമില്ലാത്ത സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നത് തുടങ്ങി നിരവധി പ്രശ്നങ്ങൾ തൊഴിലാളികൾ നേരിടേണ്ടി വരുന്നു. ചെറുതും വലുതുമായ നിരവധി പ്രക്ഷോഭങ്ങൾ മഹാമാരി കാലത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നു. അതോടൊപ്പം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച രീതിയിൽ ആണ് ഇവർ പ്രവർത്തിക്കുന്നത്.

ഈ സാഹചര്യത്തിലാണ് കേന്ദ്ര തൊഴിലാളി സംഘടനകളുടെ പിന്തുണയോടെ സ്ത്രീ തൊഴിലാളി സംഘടനകളുടെ ഐക്യവേദി സെപ്റ്റംബർ 24 ന് ദേശീയ പണിമുടക്ക് നടത്തിയത്. 100% തൊഴിലാളികളും പണി മുടക്കി. എഐടിയുസി, സിഐടിയു, ഐഎൻടിയുസി, ഉൾപ്പെടെ കേരള ത്തിലെ 23 തൊഴിലാളി സംഘടനകളും ഈ പണിമുടക്ക് സമരത്തിന് ശക്തമായ പിന്തുണ നൽകി. 21000/- രൂപ അടിസ്ഥാന വേതനം, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ സാമൂഹ്യ സുരക്ഷാനുകൂല്യങ്ങൾ എന്നിവ നേടിയെടുക്കുന്നതിന് ആശ, അങ്കണവാടി, സ്കൂൾ ഉച്ചഭക്ഷണ തൊഴിലാളികൾ നടത്തിവരുന്ന സമരം തുടർന്നും ശക്തമായി മുന്നോട്ടു കൊണ്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

എഐടിയുസിയുടെ നേതൃത്വത്തിലുള്ള കേരളസ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് & ഹെൽപേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം ഒക്ടോബർ 19 ന് തൃശൂരിലും, കേരള ആശാവർക്കേഴ്സ് യൂണിയൻ സംസ്ഥാന കൺവെൻഷൻ ഒക്ടോബർ 24-ന് കൊല്ലത്ത് വച്ചും നടക്കുകയാണ്. ഈ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുവാനുള്ള പ്രവർത്തനങ്ങളും ക്യാമ്പയിനുകളും മുന്നോട്ടു കൊണ്ടുപോകുന്നതിന് എഐടിയുസി കമ്മിറ്റികൾ കൂടുതൽ ചുമതലകൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ആസ്തി വിൽപ്പനക്കെതിരെ തൊഴിലാളി പ്രതിഷേധം

വളരെ നാടകീയമായിട്ടാണ് കേന്ദ്രധനകാര്യമന്ത്രി രാജ്യത്തിന്റെ ആസ്തി വിറ്റഴിക്കുന്ന കേന്ദ്ര മന്ത്രിസഭ തീരുമാനം പ്രഖ്യാപിച്ചത്. ഒറ്റയടിക്ക് രാജ്യത്തിന്റെ പൊതു സ്വത്തായ 6 ലക്ഷം കോടി മതിപ്പ് കണക്കാക്കുന്ന 12 മന്ത്രാലയങ്ങൾക്ക് കീഴിലുള്ള 20 ഇനം ആസ്തികൾ വിൽക്കുന്ന ദേശീയ ധനസമ്പാദന പദ്ധതിയാണ് സർക്കാരിന്റെ നേട്ടം എന്ന പോലെ വിശദീകരിച്ചത്. റോഡുകൾ- 1.60 ലക്ഷംകോടി, റെയിൽവേ - 1.52 ലക്ഷം കോടി, വൈദ്യുതി വിതരണ ശൃംഖല - 45200 കോടി, വൈദ്യുതി നിലയങ്ങൾ - 39832 കോടി, പ്രകൃതി വാതക പൈപ്പ് ലൈൻ - 24462 കോടി, ടെലികോം - 35100 കോടി, സംഭരണ ശാലകൾ - 28900 കോടി, ഖനികൾ - 28747 കോടി, വിമാനത്താവളങ്ങൾ - 20782 കോടി, തുറമുഖങ്ങൾ - 12828 കോടി, സ്റ്റേഡിയങ്ങൾ - 11450 കോടി, നഗര പാർപ്പിട മേഖല - 15000 കോടി, മറ്റുള്ളവ - 22504 കോടി എന്നിങ്ങനെ 6 ലക്ഷം കോടിയോളം മതിപ്പ് കണക്കാക്കുന്ന ആസ്തികളാണ് വിൽക്കുന്നത്. ഇതിൽ ഹോട്ടലുകളും പാർപ്പിട സമുച്ചയങ്ങളും എല്ലാം ഉൾപ്പെടുന്നു.

വിൽപനയും സ്വകാര്യവൽക്കരണവുമല്ല ഇത് പാട്ടത്തിന് കൊടുക്കുന്ന പദ്ധതി മാത്രമാണ് എന്നെല്ലാമാണ് വിശദീകരണങ്ങൾ. പക്ഷേ കേന്ദ്ര സർക്കാരിന്റെ അജണ്ട വ്യക്തമാണ്. രാജ്യത്തുള്ള പൊതുമേഖലാ വ്യവസായങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനും, കോർപ്പറേറ്റ് വൽക്കരിക്കുന്നതിനും സമാനമായ ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ ത്തിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്ന നടപടികളാണിതെല്ലാം. ഒക്ടോബർ 7 ന് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ ഇതിനെതിരെ രാജ്യമെമ്പാടും ഗണ്യമായ പ്രതിഷേധം ഉയർത്തുകയാണ്. കർഷക സംഘടനകളും ഇതിന് സമാനമായ പ്രതിഷേധം തീരുമാനിച്ചിട്ടുണ്ട്. ഭാരത് ബന്ദ് നൽകിയ പിന്തുണ തുടർന്നുള്ള തൊഴിലാളി കർഷക ബഹുജന പ്രക്ഷോഭങ്ങൾക്ക് ശക്തി പകരുന്നു.

ആസ്തി വിറ്റഴിക്കലിനെതിരേ എഐടിയുസിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 1 ന് സംസ്ഥാന വ്യാപകമായി പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. എല്ലാ പഞ്ചായത്ത് മുൻസിപ്പൽ മേഖലാതലത്തിൽ നടന്ന പരിപാടി യിൽ നല്ല പങ്കാളിത്തം ഉണ്ടായി.

## റെയിൽവേ സ്വകാര്യവൽക്കരണത്തിനെതിരായ സമരം - സേവ് ഇന്ത്യൻ റെയിൽവേ

ഇന്ത്യൻ റെയിൽവേ വിറ്റഴിക്കാനും, സ്വകാര്യവൽക്കരിക്കാനുമുള്ള നടപടികൾക്ക് കേന്ദ്ര സർക്കാർ വേഗത കൂട്ടിയിരിക്കുന്നു. നരേന്ദ്രമോഡി സർക്കാർ അധികാരത്തിൽ വ

ന്ന മുതൽ റെയിൽവേ സ്വകാര്യവൽക്കരണം ഒരു അജണ്ടയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പല തലങ്ങളിലും അതിനുള്ള നടപടികൾ തുടങ്ങി. അതിൽ ആദ്യത്തെ നടപടി റെയിൽവേ ബജറ്റ് വേണ്ടന്ന് വച്ച തീരുമാനമാണ്. ആദ്യത്തെ പാർലമെന്റ് സമ്മേളനം മുതൽ പൊതുബജറ്റും, റെയിൽവേ ബജറ്റും പാർലമെന്റിൽ എല്ലാ വർഷവും അവതരിപ്പിച്ചു വന്നിട്ടുള്ളതാണ്. പൊതു ബജറ്റിനുള്ള പ്രാധാന്യം റെയിൽവേ ബജറ്റിനും ഉണ്ട്. പ്ലാനിംഗ് കമ്മീഷൻ പിരിച്ചുവിട്ട് നീതി ആയോഗ് രൂപീകരിക്കപ്പെട്ടതിനെത്തുടർന്ന് എടുത്ത ആദ്യ നടപടി റെയിൽവേ ബജറ്റ് പ്രത്യേകം വേണ്ട എന്നുള്ള തീരുമാനമാണ്.

റെയിൽവേ സ്വകാര്യവൽക്കരണത്തിനും വിറ്റഴിക്കുന്നതിനുമെതിരായി എഐടിയുസിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 29 ന് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന് മുന്നിൽ തൊഴിലാളി പ്രതിഷേധ സത്യാഗ്രഹം നടന്നു. റെയിൽവേ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ മേഖലകളിൽ നിന്നുള്ള തൊഴിലാളികളും ജീവനക്കാരും യാത്രക്കാരുമെല്ലാം സമരത്തിൽ പങ്കെടുത്തു. സി.പി.ഐ. സംസ്ഥാന സെക്രട്ടറി സ: കാനം രാജേന്ദ്രൻ സത്യാഗ്രഹം ഉദ്ഘാടനം ചെയ്തു. സതേൺ റെയിൽവേ മസ്ദൂർ യൂണിയൻ (എസ്ആർഎംയു) ഡിവിഷൻ സെക്രട്ടറി എസ്. ഗോപികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

നിർത്തലാക്കിയ പാസഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കുക, സീസൺ ടിക്കറ്റ് വിതരണം ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങളും സമരത്തിൽ എഐടിയുസി മുന്നോട്ടുവച്ചിട്ടുണ്ട്. സമരത്തിന്റെ അടുത്ത ഘട്ടമായി ഒക്ടോബർ 18 ന് സംസ്ഥാനത്തെ മുഴുവൻ റെയിൽവേ സ്റ്റേഷനുകളും കേന്ദ്രീകരിച്ചുകൊണ്ടുള്ള തൊഴിലാളി ബഹുജന സമരം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പാചക വാതക വിലവർദ്ധനക്കെതിരായ സമരം

കേന്ദ്രസർക്കാർ പെട്രോൾ, ഡീസൽ വില വർദ്ധിപ്പിക്കുന്ന അതേ വിധത്തിലാണ് ഇപ്പോൾ പാചക വാതകത്തിന്റെ വിലയും വർദ്ധിപ്പിച്ചു കൊണ്ടരിക്കുന്നത്. ഏറ്റവും അവസാനം സെപ്റ്റംബർ 1 നാണ് 25 രൂപ വർദ്ധിപ്പിച്ചത്. 2021 ജനുവരി മുതൽ ഇതുവരെ 7 തവണ വില വർദ്ധിപ്പിച്ചു. വില വർദ്ധനവിനോടൊപ്പം കേന്ദ്രസർക്കാർ ജനങ്ങളെ കബളിപ്പിക്കുകയാണ്. സബ്സിഡി ഒരാളുടെ അക്കൗണ്ടിലും ഇപ്പോൾ വരുന്നില്ല. സബ്സിഡി നിർത്തലാക്കി എന്ന് കേന്ദ്രസർക്കാർ ഇതുവരെ പറഞ്ഞിട്ടുമില്ല. ഇത്തരം വഞ്ചനകളും, ജനവിരുദ്ധ നടപടികളും സ്വീകരിക്കുമ്പോൾ അതെല്ലാം മറച്ചുവച്ചുകൊണ്ടാണ് പ്രധാനമന്ത്രി പൊള്ളയായ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നടത്തുന്നത്.

പാചക വാതക വിലവർദ്ധവിനെതിരെ എഐടിയുസിയുടെ നേതൃത്വത്തിൽ സെപറ്റംബർ 4 മുതൽ 10 വരെ സംസ്ഥാന വ്യാപകമായി ധർണ്ണയും പ്രതിഷേധ പ്രകടനങ്ങളും നടത്തി. ജനങ്ങൾ നല്ല വണ്ണം ശ്രദ്ധിച്ച ഒരു സമരമായിരുന്നു ഇത്. വീടുകൾ കേന്ദ്രീകരിച്ച് പെട്രോൾ, ഡീസൽ, പാചകവാതക വില വർദ്ധനവിനെതിരായ ക്യാമ്പയിൻ തുടർന്നു കൊണ്ടു പോകാൻ കഴിയണം.

## ബാർ ഹോട്ടൽ & റസ്റ്റോറന്റ് തൊഴിലാളി സമരം

കോവിഡ് മഹാദുരന്തമായതിനെ തുടർന്ന് ഏറ്റവും കൂടുതൽ പ്രയാസം നേരിട്ടത് തൊഴി ലാളികളാണ്. ഒരു വരുമാനവും ഇല്ലാതെ ബുദ്ധി മുട്ടിലായ തൊഴിലാളികളും കുടുംബങ്ങളും ഏറെയാണ്. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ നൽകിയ സഹായങ്ങളും, ഭക്ഷ്യകിറ്റുമൊക്കെ വലിയൊരാശ്വാസമായിരുന്നെങ്കിലും ബാർ ഹോട്ടലുകളിലും റസ്റ്റോറന്റു കളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലുമൊക്കെ വിവിധങ്ങളായ തൊഴിൽ ചെയ്ത് ജീവിച്ചുവന്നിരുന്ന തൊഴിലാളികൾ ഏറെ ബുദ്ധിമുട്ട് അനുഭവിച്ചു. എഐടിയുസിയുടെ നേതൃത്വത്തിലുള്ള ബാർ ഹോട്ടൽ & റസ്റ്റോറന്റ് എംപ്ലോയീസ് യൂണിയൻ നിരന്തരമായി തൊഴിലാളികളോടൊപ്പം ചേർന്നുനിന്നുകൊണ്ട് പ്രവർത്തിച്ചു. സമരങ്ങൾ സംഘടിപ്പിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി സ: പി. വി. ആന്റണി, എഐടിയുസി സംസ്ഥാന വർക്കിംഗ് കമ്മിറ്റി യോഗത്തിൽ വളരെ ഗൗരവത്തോടെ ഈ പ്രശ്നങ്ങൾ എപ്പോഴും അവതരിപ്പിക്കുമായിരുന്നു. തൊഴിലാളി കുടുംബങ്ങളുടെ പ്രയാസങ്ങൾ വിവരിക്കുമ്പോൾ ആ സഖാവിന്റെ സ്വരം ഇടറുന്നുണ്ടായിരുന്നു. കഴിഞ്ഞ ഒരു കമ്മിറ്റിയിൽ സഖാവ് ആന്റണി പൊട്ടിക്കരഞ്ഞു എന്നുതന്നെ പറയാം. എന്തായാലും സ്ഥാപനങ്ങൾ തുറക്കാൻ സർക്കാർ തീരുമാനിച്ചതോടെ തൊഴിലാളികൾക്ക് ആശ്വാസമായി. സമരങ്ങൾ സംഘടിപ്പിച്ചു കൊണ്ട് തൊഴിലാളികളോടൊപ്പം നിന്ന യൂണിയൻ നേതൃത്വത്തെ ഞാൻ അഭിനന്ദിക്കുന്നു.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കുടുംബശ്രീ തൊഴിലാളികളെ പിരിച്ചുവിട്ട നടപടി

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഭാഗമായ സാറ്റ് ആശുപത്രിയിൽ പത്ത് വർഷത്തിലേറെയായി ജോലിയെടുത്ത സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഇതിന് മുമ്പ് ഞാൻ സമരപഥങ്ങളിൽ എഴുതിയിട്ടുണ്ട്. കുടുംബശ്രീയിൽ നിന്ന് വന്ന ആ സഹോദരിമാർ ക്ലീനിംഗ് ഉൾപ്പെടെയുള്ള ശുചീകരണ ജോലികൾ ചെയ്യുന്നവരാണ്. വളരെ തുച്ഛമായ വേതനം കിട്ടിയിരുന്ന ഇവരെ ആദ്യമായി സംഘടിപ്പിച്ചത് എഐടിയുസി ആണ്. നിരന്തരമായ ഇടപെടലും സമരവും ഹൈക്കോടതി കേസുമൊക്കെയായി മിനിമം വേതനം നേടിയെടുക്കാനും ഇവർക്ക് കഴിഞ്ഞു.

കോവിഡ് ഡ്യൂട്ടി ഏറ്റവും നന്നായി ചെയ്തു വന്നിരുന്നവരാണ് ഈ സഹോദരിമാർ. എന്നാൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട്, സാറ്റ് ആശുപത്രി സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥർ പാവപ്പെട്ട ഈ സഹോദരിമാരെ കാണുന്നത് ശത്രുതാ മനോഭാവത്തോടെയാണ്. ഇപ്പോൾ യൂണിയൻ സെക്രട്ടറി സ: ഗീതാസുധാകരൻ ഉൾപ്പെടെയുള്ള 13 തൊഴിലാളികളെ പിരിച്ചുവിട്ടു. എന്താണ് കാരണമെന്ന് വ്യക്തമാക്കുന്നില്ല. തിരിച്ചെടുക്കണമെന്ന കോടതി വിധിക്ക് ഒരു വിലയും അധികൃതർ കാണിക്കുന്നില്ല. ഇവരുടെ പ്രശ്നങ്ങൾ അതീവ ഗൗരവത്തോടെ എഐടിയുസി ഏറ്റെടുക്കണമെന്ന് ഞാൻ സഖാക്കളോട് അഭ്യർത്ഥിക്കുന്നു. സാമ്പത്തിക മായി അവരെ സഹായിക്കാനും സംരക്ഷിക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട് എന്ന് ഞാൻ സഖാക്കളെ ഓർമ്മിപ്പിക്കുന്നു.

# സ്കീം തൊഴിലാളികളുടെ അഖിലേന്ത്യാ പണിമുടക്ക്










അമർജിത് കൗർ
(ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി)



# എ.ഐ.ടി.യു.സി വർക്കിംഗ് കമ്മിറ്റി യോഗത്തിൽ സ.അമർജിത് കൗർ അവതരിപ്പിച്ച റിപ്പോർട്ട്

നീണ്ട ഒരിടവേളക്ക് ശേഷമാണ് നാം വീണ്ടും നേരിൽ കണ്ടുമുട്ടുന്നത്. കഴിഞ്ഞ വർഷം ഏപ്രിലിൽ എ.ഐ.ടി. യു.സി.യുടെ ദേശീയ സമ്മേളനത്തിനായി നാം തയ്യാറെടുക്കുകയായിരുന്നു. എന്നാൽ കോവിഡ് മഹാമാരി എല്ലാം തകിടം മറിച്ചു. സാഹചര്യങ്ങൾ വളരെ വേഗം മെച്ചപ്പെടുമെന്നും 2022-ൽ മുൻനിശ്ചയ പ്രകാരം കേരളത്തിൽ വച്ച് ദേശീയ സമ്മേളനം ചേരാനാകുമെന്നുമാണ് നാമെല്ലാം ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

എങ്കിലും ഇക്കാലമത്രയും നാം നിശ്ശബ്ദരായിരുന്നില്ല. ടെലിഫോൺ സംഭാഷണങ്ങളിലൂടേയും, ഇ-മെയിലുകളിലൂടേയും, സൂം മീറ്റിംഗുകളിലൂടേയും, വാട്ട്സാപ്പ് സന്ദേശങ്ങളിലൂടേയും നാം സദാ സംവദിച്ചുകൊണ്ടിരുന്നു. ഇത്തരത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള നമ്മുടെ ആശയ വിനിമയം ആദ്യം ആരംഭിച്ചത് 2020 മാർച്ച് 21-നായിരുന്നു. കോവിഡിനിടയിലും തൊഴിലാളി സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ നിരന്തരമായി ഇടപെടാനും മറ്റ് ട്രേഡ് യൂണിയനുകളുമായി സംവദിക്കാനും യോജിച്ച വേദികൾ രൂപീകരിക്കാനും തൊഴിലാളികളുടേയും തൊഴിൽ മേഖലയിലേയും പ്രശ്നങ്ങൾ ഇൻഡ്യയുടെ രാഷ്ട്രപതിയുടേയും പ്രധാനമന്ത്രിയുടേയും തൊഴിൽ മന്ത്രാലയത്തിന്റേയുമെല്ലാം ശ്രദ്ധയിൽ കൊണ്ട് വരാനും പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ ആരായാനും നാം സദാ ജാഗരൂകരായിരുന്നു. എ.ഐ.ടി.യു.സി. അംഗ സംഘടനകളിലും ഫെഡറേഷനുകളിലും അസ്സോസിയേഷനുകളിലുമുള്ള തൊഴിലാളികളുടേയും ജീവനക്കാരുടേയും പ്രശ്നങ്ങളിൽ നാമെല്ലാം സജീവമായി ഇടപെട്ടു. എ.ഐ.ടി.യു.സി. സെന്ററും കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദിയും ആഹ്വാനം ചെയ്ത പ്രക്ഷോഭ പരിപാടികളിലും നാം സജീവമായിരുന്നു.

2021 മാർച്ചിൽ മഹാരാഷ്ട്രയിലെ നാഗ്പൂരിൽ വർക്കിംഗ് കമ്മിറ്റി യോഗം ചേരാൻ നിശ്ചയിച്ചിരുന്നതായിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായതിനാൽ പ്രഖ്യാപിക്കപ്പെട്ട ലോക്ക്-ഡൗൺ മൂലം ആ യോഗവും മാറ്റിവക്കുവാൻ നാം നിർബന്ധിതരായി. വീണ്ടും ഇപ്പോഴാണ് ആ യോഗം ചേരാൻ നമുക്ക് സാധിക്കുന്നത്. ഈ കാലയളവിൽ നമ്മുടെ പ്രധാനപ്പെട്ട പല സഖാക്കളേയും നമുക്ക് നഷ്ടമാകുകയും ചെയ്തു.

രാജ്യത്തിന്റെ പരമാധികാരത്തിലും സ്വാശ്രയത്തിലും സ്വാതന്ത്ര്യത്തിലും ലവലേശം താൽപ്പര്യമില്ലാത്ത കൂട്ടരാണ് ഇന്ന് രാജ്യം ഭരിക്കുന്നത്. ഇവരുടെ ഭരണത്തിൻ കീഴിൽ അതീവ ഗുരുതരമായ സാഹചര്യങ്ങളിലൂടെയാണ് രാജ്യം ഇന്ന് കടന്ന് പോകുന്നത്. നമ്മുടെ പ്രകൃതി വിഭവങ്ങളും സമ്പത്തും ആസ്തിയുമെല്ലാം വിറ്റഴിക്കാനുള്ള വഴികളാണ് ഭരണാധികാരികൾ തേടുന്നത്. ഓഹരി വിറ്റഴിക്കലിനും സ്വകാര്യവൽക്കരണത്തിനും "ധനസമ്പാദന"മെന്ന ഓമനപ്പേരിട്ട് കൊണ്ട് സർക്കാർ ഒരു വിൽപ്പനക്കാരന്റെ അവസ്ഥയിലേക്ക് തരം താണിരിക്കുന്നു.

തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ തട്ടിപ്പറിക്കുവാനും അവരുടെ ശബ്ദം അടിച്ചമർത്താനും കുത്തകകൾക്കും ബഹുരാഷ്ട്രക്കമ്പനികൾക്കും അനുകൂല സാഹചര്യമൊരുക്കുവാനും രൂപീകരിക്കപ്പെട്ട പുത്തൻ തൊഴിൽ നിയമങ്ങൾ എത്രയും വേഗം നടപ്പാക്കാൻ വെമ്പൽ കൊള്ളുകയാണ് മോദി സർക്കാർ. സംസ്ഥാനങ്ങൾ ചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ പാർലമെന്റ് പാസ്സാക്കിയ കുപ്രസിദ്ധമായ ലേബർ കോഡുകൾ നടപ്പാക്കുവാൻ ഇതുവരെ കേന്ദ്ര സർക്കാരിനായിട്ടില്ല. എന്നാൽ 2021 ഒക്ടോബർ 1 മുതൽ ആ നിയമങ്ങൾ നടപ്പാക്കണമെന്ന് സർക്കാർ നിഷ്ക്കർഷിച്ചിരിക്കുകയാണ്.

ഇക്കഴിഞ്ഞ മാസങ്ങൾ തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം പ്രയാസ്സമേറിയ കാലഘട്ടമായിരുന്നു. തൊഴിലാളികൾക്കും അവരുടെ സംഘടനകൾക്കുമെതിരായ ആക്രമണങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചു. ഒരു വശത്ത് ദേശത്തിന്റെ ആസ്തിയും സ്വത്തും വിദേശ കുത്തകകൾക്ക് വിൽക്കുകയെന്ന അജണ്ടയുമായി സർക്കാർ മുന്നോട്ട് പോകുന്നു. മറുവശത്ത് ബി.ജെ.പി.-ആർ.എസ്.എസ്. കൂട്ടുകെട്ട് വിഭജനത്തിന്റേയും വിഭാഗീയതയുടേയും രാഷ്ട്രീയം സജീവമായി നിലനിർത്താൻ ശ്രമിക്കുന്നു.

"ദുരന്തങ്ങളെ അവസരങ്ങളായി കണക്കാക്കുക" എന്നത് രാജ്യത്തിന്റെ സമ്പത്ത് കിട്ടിയ അവസരം വിനിയോഗിച്ച് കൊണ്ട് വിറ്റഴിക്കാനുള്ള അവസരമായാണ് മോദി ഭരണകൂടം അർത്ഥമാക്കുന്നത്. പൊതുമേഖലയിലും സർക്കാർ വകുപ്പുകളിലും വിൽപ്പനക്കായി നോട്ടമിട്ടിരിക്കുന്നവയിൽ ഇനിയൊന്നും ബാക്കിയില്ല. അത് ലാഭമുണ്ടാക്കുന്നവയാണെങ്കിലും നഷ്ടത്തിലോടുന്നവയാണെങ്കിലും തന്ത്രപ്രധാന മേഖലയിലുൾപ്പെട്ടതാണെങ്കിലും അല്ലങ്കിലും മോദി സർക്കാരിന് പ്രശ്നമല്ല. റയിൽവേയാകട്ടെ, വിമാനത്താവളമാകട്ടെ, തുറമുഖമാകട്ടെ, ഊർജ്ജമേഖലയാകട്ടെ, എണ്ണ-പ്രകൃതി വാതക മേഖലയാകട്ടെ, ഖനികളാകട്ടെ, ബാങ്കിംഗ്-ഇൻഷുറൻസ് മേഖലയാകട്ടെ, പ്രതിരോധ മേഖലയാകട്ടെ, ആണവോർജ്ജ മേഖലയാകട്ടെ, ബഹിരാകാശ ഗവേഷണ മേഖലയാകട്ടെ വിൽപ്പനക്കായി മോദി സർക്കാരിന്റെ റഡാറിൽപ്പെടാത്ത മേഖലകളൊന്നും തന്നെ അവശേഷിക്കുന്നില്ല.

ഭരണകക്ഷിയായ ബി.ജെ.പി.ക്കും അവരുടെ സംഘപരിവാറിനും ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ ഒരു പങ്കുമുണ്ടായിരുന്നില്ല.

സ്വാതന്ത്ര്യാനന്തര ഭാരതം കെട്ടിപ്പടുക്കുന്നതിലും അവർക്ക് പങ്കുണ്ടായിരുന്നില്ല. രാഷ്ട്ര നിർമ്മാണത്തിൽ സ്വാശ്രയ സാമ്പത്തിക മാതൃകയെ പിന്തുണക്കുന്നവരല്ലായിരുന്നു അവർ. മറിച്ച് സ്വതന്ത്ര കമ്പോള ശക്തികളുടെ വക്താക്കളും പ്രചാരകരുമായിരുന്നു അവർ. നഷ്ടം മുഴുവൻ പൊതുസമൂഹത്തിന്റെ തലയിൽ കെട്ടിവക്കാനും കോർപ്പറേറ്റ് മൂലധന ശക്തികൾക്ക് പരമാവധി ലാഭം കൊയ്യാനും അവസരമൊരുക്കുന്ന ഈക്കൂട്ടരുടെ നീക്കങ്ങൾ അവർ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിനനുസൃതമാകുക സ്വാഭാവികമാണ്.

അതേസമയം സർക്കാരിന്റെ കലവറയിൽ സാധാരണക്കാരനായി എന്താണ് കരുതി വച്ചിരിക്കുന്നത്? അവശ്യവസ്തുക്കൾ സാധാരണക്കാരന് അപ്രാപ്യമാകും വിധം അവയുടെ വില ഉയർന്നു കൊണ്ടിരിക്കുന്നു. പെട്രോളിന്റെ വില ലിറ്ററിന് 60 രൂപയിൽ നിന്ന് 112 രൂപയായി വർദ്ധിച്ചു. ഡീസലിന്റെ വിലയാകട്ടെ 55 രൂപയിൽ നിന്ന് 100 രൂപയായി. 414 രൂപക്ക് ലഭ്യമായിരുന്ന പാചകവാതക സിലിണ്ടറിന് ഇന്ന് 914 രൂപ നൽകണം. 60-70 രൂപക്ക് ലഭിച്ചു കൊണ്ടിരുന്ന പരിപ്പിന് 190 മുതൽ 220 രൂപ വരെയാണ് വില. ഒരു ലിറ്റർ പാലിന്റെ വില 30 രൂപയിൽ നിന്ന് ഇരട്ടിയായി. 5 രൂപയായിരുന്ന റയിൽവേ പ്ലാറ്റ്ഫോം ടിക്കറ്റിന്റെ വില 50 രൂപയാക്കി. യാത്രാക്കൂലി ഒന്നും രണ്ടും ഇരട്ടി കണ്ട് വർദ്ധിപ്പിച്ചു. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധന കാരണം അവശ്യ വസ്തുക്കളുടെ വിലയും ആനുപാതികമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

തൊഴിലിന്റേയും ഉപജീവനമാർഗ്ഗങ്ങളുടേയും സ്ഥിതി ആശങ്കാജനകമാണ്. 2019-ലെ തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ 45 വർഷക്കാലത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കായ 7.4 ശതമാനമായിരുന്നു. കോവിഡ് പകർച്ച വ്യാധി പടരും മുമ്പ് 2020 മാർച്ചിൽ അത് 8.1 ശതമാനമായിരുന്നു. കഴിഞ്ഞയാഴ്ചത്തെ റിപ്പോർട്ട് പ്രകാരം തൊഴിലില്ലായ്മ നിരക്ക് 8.3 ശതമാനമാണ്. നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ അതിലും ഗുരുതരമാണ്. 9.4 ശതമാനമാണ് നഗരങ്ങളിലെ തൊഴിലില്ലായ്മ നിരക്ക്. കഴിഞ്ഞ ആഗസ്റ്റിൽ മാത്രം 15 ലക്ഷം പേർ തൊഴിൽ രഹിതരായി എന്ന് സെന്റർ ഫോർ മോണിറ്ററിംഗ് ഇൻഡ്യൻ ഇക്കോണമിയുടെ റിപ്പോർട്ടിൽ പറയുന്നു.

അശാസ്ത്രീയമായ നോട്ട് നിരോധനവും ചരക്ക് സേവന നികുതി ചുമത്തലും കാരണം സാമ്പത്തിക മാന്ദ്യം മൂർച്ഛിച്ചു. കഴിഞ്ഞ വർഷം മാർച്ചിൽ ആകസ്മികമായി പ്രഖ്യാപിച്ച ലോക്ക്ഡ്ൺ 45 കോടി തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം ഇല്ലാതാക്കി. ഭക്ഷ്യസുരക്ഷ നിയമ പ്രകാരം റേഷൻ ലഭിക്കാനർഹതയുള്ള 84 കോടി ജനങ്ങളുണ്ടെന്ന് സർക്കാരിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. ആധാറുമായി റേഷൻ കാർഡ് ബന്ധിപ്പിച്ചില്ല എന്ന കാരണത്താൽ മാത്രം ഇവരിൽ 10 കോടിയിലേറെ കുടുംബങ്ങൾക്ക് റേഷൻ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്.

കോവിഡിന്റെ ഒന്നാം തരംഗ സമയത്ത് പ്രഖ്യാപിച്ച് ചിന്താശൂന്യമായ ലോക്ക്ഡൗണിനെത്തുടർന്ന് വിവിധ സംസ്ഥാനങ്ങളിൽ കുടുങ്ങിയ കുടിയേറ്റ തൊഴിലാളികളിൽ 94 ശതമാനത്തിനും റേഷൻ ലഭ്യമായില്ല. 74 ശതമാനം തൊഴിലാളികൾക്കും കൈവശം 300 രൂപ തികച്ചെടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയായിരുന്നു. അവർക്ക് സ്വന്തം നാട്ടിലേക്ക് മടങ്ങാൻ നൂറുക്കണക്കിന് മൈലുകൾ കാൽനടയായി സഞ്ചരിക്കേണ്ടി വന്നു. ലോക്ക്ഡൗൺ പിൻവലിക്കപ്പെട്ടപ്പോൾ ചെറുകിട നാമമാത്ര വ്യവസായശാലകളിൽ 34 ശതമാനത്തിന് മാത്രമേ വീണ്ടും തുറന്ന് പ്രവർത്തിക്കാനായുള്ളു.

കോവിഡിന്റെ രണ്ടാം തരംഗം സ്ഥിതി കൂടുതൽ വഷളാക്കി. എല്ലാ വ്യവസായ മേഖലകളിലും തൊഴിലാളികളുടെ വേതനം വെട്ടിക്കുറച്ചു. 2021 ജൂൺ-ജൂലൈ മാസങ്ങളിൽ 80 ലക്ഷത്തോളം തൊഴിലുകൾ വീണ്ടും നഷ്ടപ്പെട്ടു. ഏകദേശം 3 കോടിയോളം തൊഴിലാളികൾക്ക് തൊഴിലില്ലാതായി. 15-നും 25-നുമിടക്ക് പ്രായമുള്ള ചെറുപ്പക്കാരിൽ തൊഴിലിലില്ലാത്തവരുടെ എണ്ണം 54 ശതമാനം കണ്ട് വർദ്ധിച്ചു.

കോവിഡ് കാലത്ത് സർക്കാർ പ്രഖ്യാപിച്ച ആശ്വാസ പാക്കേജുകൾ യഥാർത്ഥത്തിൽ ആശ്വാസം നൽകിയത് കുത്തക മുതലാളിമാർക്കാണ്. അവരാവശ്യപ്പെട്ട നികുതിയിളവുകൾ അനുവദിക്കപ്പെട്ടു. കോർപ്പറേറ്റ് നികുതി 35 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറച്ചു കൊടുത്തു. പൊതുമേഖല ബാങ്കുകളിൽ നിന്നും കോടികൾ കടമെടുത്ത് തിരിച്ചടക്കാത്തവരെ വിദേശത്തേക്ക് രക്ഷപെടാൻ പഴുതുണ്ടാക്കി. മോദി സർക്കാരിന്റെ ഭരണകാലത്ത് മാത്രം 8.3 ലക്ഷം കോടിയുടെ വായ്പ കുടിശികയാണ് കിട്ടാക്കടമായി എഴുതിത്തള്ളിയത്.

എന്നാൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസമെന്നോണം 7500 രൂപ നൽകണമെന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ആവശ്യം സർക്കാർ നിരാകരിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തി ദിനങ്ങളും വേതനവും വർദ്ധിപ്പിക്കണമെന്ന ആവശ്യവും സർക്കാർ അംഗീകരിച്ചില്ല. അതേസമയം പ്രധാനമന്ത്രിയുടെ സ്വപ്ന പദ്ധതിയായ സെൻട്രൽ പ്ലാസ നിർമ്മാണത്തിന് ഈക്കാലത്ത് അനുവദിച്ചത് 20000 കോടിയാണ്.

കോവിഡ് കുട്ടികളിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ ഗുരുതരമാണ്. കോവിഡ് 4.9 കോടി കുട്ടികളെ ബാലവേലയിലേക്ക് തള്ളിവിടുമെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടേയും 'യുനെസ്കോ'യുടേയും പഠനങ്ങൾ പറയുന്നു. ഇപ്പോൾ തന്നെ ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്നതിൽ 70 ശതമാനവും ഗ്രാമീണമേഖലയിലുള്ള കുട്ടികളാണ്. 20 ശതമാനം കുട്ടികൾ സേവന മേഖലയിലും 10 ശതമാനം വ്യവസായ മേഖലയിലും പണിയെടുക്കുന്നു. രാജ്യത്ത് 10 ശതമാനം വീടുകളിൽ മാത്രമേ ഇന്റേർനെറ്റ് ബന്ധമുള്ളു. താഴ്ന്ന വരുമാനക്കാർക്കും പാവപ്പെട്ടവർക്കും സ്മാർട്ട് ഫോണുകൾ വാങ്ങാനുള്ള ശേഷിയില്ല. അതിനാൽ അവരുടെ കുട്ടികൾക്ക് ഓൺ-ലൈൻ വിദ്യാഭ്യാസം സാധ്യമല്ല.

കോവിഡ് വ്യാപനത്തിന്റെ കടുത്ത ഇരകൾ സ്ത്രീകളാണ്. പകർച്ച വ്യാധി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടത് കൂടാതെ ഗാർഹിക പീഡനങ്ങൾക്കും അവർ ഇരയായി. ഈക്കാലത്ത് ശൈശവ വിവാഹങ്ങളും വർദ്ധിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കോവിഡിന് മുമ്പ് തൊഴിലെടുത്തിരുന്ന സ്ത്രീകളിൽ പകുതിയും ലോക്ക്ഡൗൺ പിൻവലിക്കപ്പെട്ട ശേഷം ജോലിക്ക് തിരികെയെത്തിയിട്ടില്ല.

രാജ്യത്ത് അസമത്വം വർദ്ധിക്കുകയാണ്. കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി 40 കോടി ഇൻഡ്യാക്കാരെക്കൂടി ദരിദ്രരാക്കുമെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഒരു റിപ്പോർട്ട് സൂചിപ്പിക്കുന്നു. പാവപ്പെട്ട കുടുംബങ്ങളുടെ വരുമാനം വീണ്ടും കുറഞ്ഞു. വേതനം വെട്ടിക്കുറക്കുന്നതും ആനുകൂല്യങ്ങൾ നിരാകരിക്കുന്നതും സർവ്വ സാധാരണമായിക്കഴിഞ്ഞു. മറുവശത്ത് സമ്പന്നരുടെ വരുമാനം വർദ്ധിക്കുകയാണ്. ഇൻഡ്യയുടെ സമ്പത്തിന്റെ 70 ശതമാനവും കയ്യടക്കി വച്ചിരിക്കുന്നത് ഒരു ശതമാനം വരുന്ന ശതകോടീശ്വരന്മാരാണ്. 2020 മാർച്ച് മു

തൽ 2021 മാർച്ച് വരെയുള്ള ഒരു വർഷക്കാലയളവിനുള്ളിൽ മുകേഷ് അംബാനിയുടെ ആസ്തി 128 ശതമാനം വർദ്ധിച്ചു. അദാനിയുടെ സമ്പത്താകട്ടെ 480 ശതമാനം കണ്ടാണ് വർദ്ധിച്ചത്. ഇതേ കാലയളവിൽ ഇൻഡ്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 100-ൽ നിന്നും 140 ആയി ഉയർന്നു. അവരുടെ സമ്പത്ത് 12.97 ലക്ഷം കോടിയായി വർദ്ധിച്ചു. കഴിഞ്ഞ ഒരു വർഷത്തക്കാലം മോദിയുടെ കോർപ്പറേറ്റ് സുഹൃത്തുക്കൾ ഓരോ മണിക്കൂറിലും 2 കോടി വീതം സമ്പാദിച്ചു കൂട്ടുകയായിരുന്നു. അതേ സമയം 95 ശതമാനം ഇൻഡ്യക്കാരുടെ വരുമാനം പ്രതിമാസം 10000 രൂപയിൽ താഴെ മാത്രമായിരുന്നു. പരിഷ്ക്കരിച്ച കാർഷിക നിയമങ്ങളും തൊഴിൽ നിയമങ്ങളും നടപ്പാക്കിയാൽ ഈ അസമത്വം ഇനിയും പതിന്മടങ്ങ് വർദ്ധിക്കും.

ഇൻഡ്യ അനുദിനം കടക്കെണിയലേക്ക് ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുന്നു. 1947 മുതൽ 2014 വരെയുള്ള വർഷക്കാലത്തെ കടം 55,84,449 കോടി രൂപയായിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ ഏഴ് വർഷം കൊണ്ട് അത് 43 ശതമാനം വർദ്ധിച്ച് 79,99,526 കോടി രൂപയായി.

ഓക്സിജന്റേയും വെന്റിലേറ്ററുകളുടേയും മരുന്നുകളുടേയും അഭാവം മൂലം കോവിഡ് രോഗികൾ മരിച്ച് വീഴുമ്പോൾ ആരോഗ്യ മേഖലയിലെ 24 കോർപ്പറേറ്റ് സ്ഥാപനങ്ങൾ ദിവസേന 500 കോടി വീതം സമ്പാദിക്കുക യായിരുന്നു. ഇൻഡ്യയിൽ എല്ലാ വാക്സിനുകളും ഇതുവരെ സൗജന്യമായാണ് ജനങ്ങൾക്ക് ലഭിച്ചിരുന്നത്. എന്നാൽ ഇന്ന് വാക്സിനേഷനിലൂടേയും സ്വകാര്യ കുത്തകകൾക്ക് ലാഭമുമുണ്ടാക്കിക്കൊടുക്കുകയാണ് മോദി സർക്കാർ. വാക്സിനുകൾക്കായി സ്വകാര്യ കമ്പനികൾക്ക് നൽകുന്ന തുകയുണ്ടെങ്കിൽ 10 കൊല്ലക്കാലം തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം നൽകാൻ കഴിയും.

രാജ്യത്തിനും സാധാരണക്കാർക്കും എതിരായ അജണ്ടയുമായി മുന്നോട്ട് പോകുവാൻ തന്നെയാണ് മോദി സർക്കാരിന്റെ തീരുമാനം. ഈ ദേശ വിരുദ്ധ നയങ്ങളെ ചോദ്യം ചെയ്യുന്നവർ രാജ്യ ദ്രോഹികളായി മുദ്ര കുത്തപ്പെടും. അവരെ സി.ബി.ഐ., എൻ.ഐ.എ., ഇ.ഡി. തുടങ്ങിയ ഏജൻസികളേയും എൻ.എസ്.എ., യു.എ.പി.എ. തുടങ്ങിയ കരിനിയമങ്ങളേയും ഉപയോഗിച്ച് വേട്ടയാടും. ഈ കരിനിയമങ്ങളൊന്നും പോരാഞ്ഞിട്ടെന്നവണ്ണം തൊഴിലാളികളുടെ സമരം ചെയ്യാനുള്ള അവകാശത്തെ പാടേ ഹനിക്കുന്ന "എസ്സൻഷ്യൽ ഡിഫൻസ് സർവ്വീസ് ആക്ട്" എന്ന കടുത്ത നിയമവും നടപ്പാക്കിയിരിക്കുന്നു.

പെഗാസസ് എന്ന ചാര സോഫ്റ്റ്വെയറിനെക്കുറിച്ചും അതുപയോഗിച്ച് ഏതെല്ലാം രാഷ്ട്രീയക്കാരുടേയും മാധ്യമ പ്രവർത്തകരുടേയും ജഡ്ജിമാരുടേയും ഫോണുകളാണ് ചോർത്തിയതെന്നറിയാൻ രാജ്യം ചെവിയോർത്തി രുന്നപ്പോൾ മോദി സർക്കാർ മൗനം പാലിക്കുകയായിരുന്നു. ഇത് സംബന്ധിച്ച ചോദ്യങ്ങൾക്ക് പാർലമെന്റിൽ മറുപടി പറയാനോ ഈ വിഷയം ചർച്ച ചെയ്യാനോ സർക്കാർ ഒരുക്കമല്ലായിരുന്നു. അതേസമയം സുപ്രീം കോടതിയിൽ ഇത് സംബന്ധിച്ച കേസിൽ സമർപ്പിക്കപ്പെട്ട സത്യവാങ്മൂലം സർക്കാരിന്റെ കള്ളക്കളികളെ പൊളിച്ചു കാട്ടുകയും ചെയ്തു.

സംഘപരിവാറിനാൽ പ്രോത്സാഹിക്കപ്പെടുകയും ഭരണകക്ഷിയുടെ ഉന്നത കേന്ദ്രങ്ങളിൽ നിന്നുള്ള അനുഗ്രഹാശ്ശിസ്സുകളോടെയും അവരുടെ രക്ഷകർതൃത്വത്തിലും പ്രവർത്തിക്കുന്ന സംഘടനകൾ ജാതിയുടേയും മതത്തിന്റേയും ഭാഷയുടേയും പേരിൽ വിഭാഗീയതയും വിദ്വേഷവും വിതച്ച് ധ്രുവീകരണ രാഷ്ട്രീയം പ്രചരിപ്പിക്കുന്ന തിരക്കിലാണ്. വിഭജിച്ച് ഭരിക്കുക എന്ന രാഷ്ട്രീയ തന്ത്രം മാത്രമല്ല ഈദൃശ പ്രവണതകൾക്ക് പിന്നിൽ. നൂറ്റാണ്ടുകളുടെ പഴക്കമുള്ള മതസൗഹാർദ്ദവും സാഹോദര്യവും സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങളും ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളും ധാർമ്മികതയും രാഷ്ട്രത്തിന്റെ പരമാധികാരവും പ്രകൃതി വിഭവങ്ങളുടേയും സമ്പത്തിന്റേയും ഉടമസ്ഥാവകാശവുമെല്ലാം തകർക്കാനും നഷ്ടപ്പെടുത്താനുമുള്ള ബോധപൂർവ്വമായ ശ്രമം കൂടിയാണത്.

ഈ പശ്ചാത്തലത്തിലും രാജ്യം നേരിടുന്ന ഗുരുതരാവസ്ഥയുടെ അപകടങ്ങൾ തിരിച്ചറിഞ്ഞ സാഹചര്യത്തിലുമാണ് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദിയും സ്വതന്ത്ര സംഘടനകളും ചേർന്ന് ക്വിറ്റ് ഇൻഡ്യ ദിനമായ ആഗസ്റ്റ് -9 'സേവ് ഇൻഡ്യ ദിന'മായി ആചരിച്ചത്. കർഷക സംഘടനകളും അന്നേ ദിവസം "കർഷകരെ രക്ഷിക്കൂ -ഇൻഡ്യയെ രക്ഷിക്കൂ" എന്ന മുദ്രാവാക്യമുയർത്തി ഈ ദിനാചരണത്തിൽ പങ്ക് കൊണ്ടു. കഴിഞ്ഞ വർഷത്തെ ക്വിറ്റ് ഇൻഡ്യ ദിനവും നാം "സേവ് ഇൻഡ്യ" ദിനമായാണ് ആചരിച്ചത്. 2020 നവംബർ 26-ന് നാം ഒരു ദിവസത്തെ പൊതു പണിമുടക്ക് നടത്തി. കൽക്കരി മേഖലയിലെ തൊഴിലാളികൾ മൂന്ന് ദിവസം തുടർച്ചയായി പണിമുടക്കി. സ്വകാര്യവൽക്കരണത്തിനെതിരേ സ്റ്റീൽ മേഖലയിലെ തൊഴിലാളികൾ കഴിഞ്ഞ ഫെബ്രുവരി മുതൽ പ്രക്ഷോഭത്തിലാണ്. അവശ്യ പ്രതിരോധ സേവന നിയമം പാസ്സായ സാഹചര്യത്തിൽ പ്രതിരോധനിർമ്മാണ രംഗത്തെ തൊഴിലാളികൾ കോടതി വ്യവഹാരങ്ങളിലൂടെ തങ്ങളുടെ പോരാട്ടം തുടരുന്നു. ബാങ്ക്-ഇൻഷുറൻസ് മേഖലയിലെ ജീവനക്കാർ മാർച്ച് 15 മുതൽ 18 വരെ നാല് ദിവസം തുടർച്ചയായി സമര പരിപാടികൾ ആവിഷ്ക്കരിച്ചു. എ.ഐ.ടി.യു.സി. നേതൃത്വപരമായ പങ്ക് വഹിക്കുന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത സമര സമിതിയും സംയുക്ത കിസാൻ മോർച്ചയും തമ്മിൽ കൂടിയാലോചിച്ച് പല പക്ഷോഭ പരിപാടികളും നടത്തി.

ഈ കാലയളവിൽ എ.ഐ.ടി.യു.സി.യുടെ സംസ്ഥാന കമ്മിറ്റികളും ഫെഡറേഷനുകളും ഏറ്റെടുത്ത പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല. എന്നാൽ സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ നടക്കുന്ന കർഷക സമരത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പരാമർശിക്കാതിരിക്കാൻ കഴിയില്ല.

2020 ജൂണിൽ മോദി സർക്കാർ കാർഷിക മേഖലയിലെ പരിഷ്ക്കാരങ്ങൾ എന്ന് പറഞ്ഞുകൊണ്ട് മൂന്ന് ഓർഡിനൻസുകൾ കൊണ്ട് വന്നിരുന്നു. ഈ ഓർഡിനൻസുകളോടുള്ള കർഷക സമൂഹത്തിന്റെ എതിർപ്പ് ആദ്യം പഞ്ചാബിലും പിന്നീട് രാജ്യമെമ്പാടും വ്യാപിച്ചു. എന്നാൽ ഈ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് 2020 സെപ്റ്റംബറിൽ മോദി സർക്കാർ കാർഷിക നിയമങ്ങൾ പാർലമെന്റിൽ അവതരിപ്പിച്ചു. മൂന്ന് ലേബർ കോഡുകൾ പാസ്സാക്കിയതിനെതിരേ പ്രതിഷേധിച്ചതിന് പുറത്താക്കിയ പാർലമെന്റംഗങ്ങളെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം വാക്കൗട്ട് നടത്തിയ അവസരം നോക്കി യാതൊരു വിധ ചർച്ചകളും കൂടാതെ സർക്കാർ ഈ മൂന്ന് കർഷക ബില്ലുകളും പാസ്സാക്കി. അതോടെ കർഷകർ കൂടുതൽ രോഷാകുലരാകുകയും 2020 നവംബറിൽ പാർലമെന്റിലേക്ക് മാർച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ സർക്കാർ അവരെ ദൽഹിയിലേക്ക് പ്രവേശിക്കാൻ

പോലും അനുവദിക്കാതെ അതിർത്തികളിൽ തടഞ്ഞപ്പോൾ അവർ അവിടങ്ങളിൽ കുത്തിയിരുന്നുകൊണ്ടുള്ള സമരം ആരംഭിച്ചു. കേന്ദ്ര സർക്കാർ അന്നു മുതൽ അവരുടെ സമരത്തെ അടിച്ചമർത്താനും അവരെ അപകീർത്തിപ്പെടുത്താനും അവരുടെ പ്രസ്ഥാനത്തെ പിന്തിരിപ്പിക്കാനും അവരുടെ പ്രസ്ഥാനത്തിനെതിരേ അസത്യ പ്രചരണങ്ങൾ നടത്താനും ആരംഭിച്ചു. സുപ്രീം കോടതിയെ ഇടപെടുവിച്ച് സമരം അവസാനിപ്പിക്കാനും ശ്രമിച്ചു. പക്ഷേ കർഷകരുടെ പ്രസ്ഥാനം സർക്കാരിന്റെ എല്ലാ ശ്രമങ്ങളേയും പരാജയപ്പെടുത്തി. ഈ പ്രസ്ഥാനം ഇൻഡ്യക്കകത്തും പുറത്തുമുള്ള കർഷകരുടേയും തൊഴിലളി പ്രസ്ഥാനങ്ങളുടേയും ശ്രദ്ധയാകർഷിച്ചു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലെ കർഷകരും സമരത്തിൽ അണിനിരന്നു. എല്ലാ തൊഴിലാളി പ്രസ്ഥാനങ്ങളും കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. എ.ഐ.ടി.യു.സി. കർഷകർക്ക് ഉറച്ച പിന്തുണയുമായി അവരോടൊപ്പം നിൽക്കുന്നു.

ആഗസ്റ്റ് 26, 27 തിയതികളിൽ സംയുക്ത കിസാൻ മോർച്ച സിംഗു അതിർത്തിയിൽ ഒരു ദേശീയ കൺവെൻഷൻ സംഘടിപ്പിച്ചിരുന്നു. അതിൽ ട്രേഡ് യൂണിയനുകളുമായും, കർഷക തൊഴിലാളി സംഘടനകളുമായും യുവജന, വിദ്യാർത്ഥി, മഹിള പ്രസ്ഥാനങ്ങളുമായും മറ്റ് ബഹുജന പ്രസ്ഥാനങ്ങളുമായും പ്രത്യേകം സമ്മേളനങ്ങൾ നടത്തി. എ.ഐ.ടി.യു.സി. ആ സമ്മേളനത്തിൽ പങ്കെടുക്കുകയും നമ്മുടെ തുടർ പിന്തുണയും ഐക്യദാർഢ്യവും വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉത്തർപ്രദേശിലും ഉത്തരഖണ്ഡിലും സമരം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി “മിഷൻ യു.പി”, “മിഷൻ ഉത്തരഖണ്ഡ്” എന്ന രണ്ട് പരിപാടികൾ ആവിഷ്ക്കരിക്കാൻ സംയുക്ത കർഷക മോർച്ച തീരുമാനിച്ചിട്ടുണ്ട്. മുസഫർനഗറിലെ കിസാൻ മഹാ പഞ്ചായത്തോടെ ആ പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിക്കാനും അവർ തീരുമാനിച്ചിട്ടുണ്ട്. മൂന്ന് കർഷക നിയമങ്ങൾ പാസ്സാക്കിയതിന്റെ വാർഷിക ദിനമായ സെപ്റ്റംബർ 25-ന് ഭാരത് ബന്ദ് സംഘടിപ്പിക്കാനും അവർ പ്രഖ്യാപിച്ചിട്ടുണ്ട് (ഭാരത് ബന്ദിന്റെ തീയതി പിന്നീട് സെപ്റ്റംബർ 27-ലേക്ക് മാറ്റി).

കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത സമര സമിതി മുന്നോട്ട് വച്ചിട്ടുള്ള ആവശ്യങ്ങളോടൊപ്പം കർഷക നിയമങ്ങൾ പിൻവലിക്കണമെന്നും വൈദ്യുതി (ഭേദഗതി) ബിൽ പിൻവലിക്കണമെന്നുമുള്ള ആവശ്യങ്ങൾ കൂടി ഉന്നയിച്ചു കൊണ്ട് കിസാൻ മോർച്ച പ്രഖ്യാപിച്ചിട്ടുള്ള ഭാരത് ബന്ദിൽ പങ്കെടുക്കാനും വിജയിപ്പിക്കാനും ട്രേഡ് യൂണിയനുകളുടെ സംയുക്ത സമര സമിതി തീരുമാനിച്ചിട്ടുണ്ട്.

ആശ-അങ്കണവാടി-മിഡ്ഡേമീൽ ജീവനക്കാർ സംയുക്തമായി സെപ്റ്റംബർ 24-ന് രാജ്യവ്യാപക പണിമുടക്ക് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ ഫെഡറേഷനുകൾ ആ പണിമുടക്കും ഭാരത് ബന്ദും വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്.

തൊഴിൽ നഷ്ടം, വേതനം വെട്ടിക്കുറക്കൽ, വർദ്ധിക്കുന്ന തൊഴിലില്ലായ്മ, തൊഴിലിടങ്ങളിലെ സുരക്ഷ സംവിധാനങ്ങളുടെ അപര്യാപ്തത മൂലം വർദ്ധിച്ചു വരുന്ന അപകടങ്ങളും ആരോഗ്യ സുരക്ഷ വീഴ്ചകളും, ദുർബ്ബലമായ സാമൂഹ്യ സുരക്ഷ പദ്ധതികൾ, സംഘടിക്കാനും കൂട്ടായ വിലപേശലിനുമുള്ള അവകാശങ്ങളുടെ മേലുള്ള ആക്രമണങ്ങൾ തുടങ്ങിയവ കാരണം അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് മുന്നിലുള്ളത് വളരെയധികം ആശങ്കാ ജനകമായ ദിനങ്ങളാണ്. ഇതിനെയെല്ലാം ചെറുക്കുവാൻ നമ്മുടെ മുഴുവൻ ശക്തിയും ഉപയുക്തമാക്കിയുള്ള പോരാട്ടങ്ങളല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. അതിന് വർഗ്ഗാധിഷ്ഠിത കാഴ്ചപ്പാട് വളർത്തുകയും നമ്മുടെ അംഗത്വത്തിനും നമ്മുടെ പ്രവർത്തന മേഖലകൾക്കും അതീതമായി സമൂഹത്തിലെ മുഴുവൻ ജനങ്ങൾക്കുമിടയിൽ അവബോധം വളർത്താനുള്ള പ്രചരണങ്ങളും മറ്റ് കർമ്മ പരിപാടികളും നാം ഏറ്റെടുത്തേ മതിയാവൂ.



**ഭാരത് ബന്ദിന് ഐക്യദാർഢ്യ ജ്വാല കായംകുളത്ത്**

സത്യൻ മൊകേരി



# തൊഴിലാളി, കർഷക, ബഹുജന ഐക്യം ശക്തി പ്രാപിക്കുന്നു

രാജ്യത്തിന്റെ കാർഷിക മേഖല ദേശീയ അന്തർദേശീയ കോർപ്പറേറ്റുകൾക്ക് കൈമാറുന്നതിനായി പാർലമെന്റ് പാസാക്കിയ നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യയിലെ കർഷകർ തെരുവിലിറങ്ങിയിട്ട് സെപ്റ്റംബർ 27ന് പത്ത് മാസം പിന്നിട്ടിരിക്കുകയാണ്. 500-ൽ അധികം കർഷക സംഘടനകൾ അംഗങ്ങളായ അഖിലേന്ത്യാ കിസാൻ സംഘർഷ് കോ-ഓഡിനേഷൻ കമ്മിറ്റിയാണ് സമരത്തിന് നേതൃത്വം നൽകുന്നത്. എ.ഐ.കെ.എസ് സമരത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. പാർലമെന്റ് പാസാക്കിയ കർഷക വിരുദ്ധ കരിനിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് നടത്തുന്ന സമരത്തിന്റെ ഉയർന്ന ഘട്ടമാണ് സെപ്റ്റംബർ 27ന് നടന്ന ഭാരതബന്ദ്. ഓഗസ്റ്റ് 26, 27 തീയതികളിൽ ഡൽഹിയിൽ, സിംഘു സമരഭൂമിയിൽ ചേർന്ന അഖിലേന്ത്യ കർഷക കൺവെൻഷനാണ് ഭാരത് ബന്ദ് പ്രഖ്യാപിച്ചത്.

പാർലമമെന്റ് പാസാക്കിയ നിയമം നടപ്പിലാക്കിയാൽ തങ്ങളുടെ കൃഷിഭൂമി കോർപ്പറേറ്റുകൾ കയ്യടക്കുമെന്ന തിരിച്ചറിവിലാണ് കർഷകർ ഒന്നടങ്കം സമരരംഗത്തു വന്നത്. കരാർ കൃഷി നടപ്പിലാക്കുന്നതിലൂടെ പടിപടിയായി കർഷകരുടെ ഭൂമി കൈവശപ്പെടുത്തുകയാണ് കോർപ്പറേറ്റ് ലക്ഷ്യം. അതിന് സഹായിക്കുന്നതാണ് ഒരു നിയമം. കാർഷിക ഉൽപന്നങ്ങളുടെ വ്യാപാരം സ്വതന്ത്രമാക്കുക, കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ സ്വതന്ത്രമായി വിറ്റഴിക്കുവാൻ സൗകര്യമുണ്ടാക്കുകയാണ് ലക്ഷ്യമെന്ന് പറഞ്ഞ്, വ്യവസ്ഥാപിതമായ കർഷക കമ്പോളങ്ങൾ (മണ്ഡികൾ) നിർത്തലാക്കുകയാണ് രണ്ടാമത്തെ നിയമത്തിലൂടെ ചെയ്യുന്നത്. സ്വതന്ത്രമായ വിപണിയിലൂടെ കോർപ്പറേറ്റുകൾ കടന്നുവരികയാണ്. മണ്ഡികൾ നിർത്തലാക്കുന്നതോടെ കർഷകർ തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കോർപ്പറേറ്റുകളെ ആശ്രയിക്കേണ്ടിവരും. നിയമത്തിൽ വിളകൾക്ക് ആദായകരമായ വില നിശ്ചയിക്കുവാനും തയ്യാറായില്ല.

അവശ്യ സാധന നിയമ ഭേദഗതിയിലൂടെ എത്ര അളവിലും ഭക്ഷ്യവസ്തുക്കൾ ഭീമാകാരമായ കോർപ്പറേറ്റു ഗോഡൗണുകളിൽ പൂഴ്ത്തിവയ്ക്കാൻ അനുവാദം നൽകുന്നതിനാണ് ലക്ഷ്യംവച്ചത്. പാർലമെന്റ് നിയമം പാസാക്കുന്നതിന് മുമ്പുതന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ റിലയൻസ്, അഡാനി, മോൺസാന്റോ തുടങ്ങിയ കോർപ്പറേറ്റ് കമ്പനികൾ വിശാലമായ ആധുനിക ഗോഡൗണുകൾ നിർമ്മിച്ചു കഴിഞ്ഞിരുന്നു. രാജ്യത്തിന്റെ വിവിധ മേഖലകളിൽ കൂറ്റൻ ഗോഡൗണുകളുടെ നിർമ്മാണം നടക്കുകയാണ്. ഭക്ഷ്യവസ്തുക്കൾ വാങ്ങി പൂഴ്ത്തിവച്ച് ജനങ്ങളെ കൊള്ള ചെയ്ത് ലാഭം ഉണ്ടാക്കുകയാണ് ലക്ഷ്യം. ഭൂമി, കൃഷി, സംഭരണം സംസ്കരണം, വിതരണം, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, തുടങ്ങി കൃഷിയുടെ എല്ലാതലങ്ങളും പൂർണ്ണമായും കയ്യടക്കുകയാണ് കോർപ്പറേറ്റ് ലക്ഷ്യം.

138 കോടിയിലധികം ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഇല്ലാതാക്കുകയാണ്. ഭക്ഷ്യവസ്തുക്കൾക്കു വേണ്ടി ജനങ്ങൾ കോർപ്പറേറ്റുകൾക്ക് മുമ്പിൽ യാചിച്ചു നിൽക്കേണ്ടുന്ന സാഹചര്യം വന്നുചേരും. രാജ്യത്തെ പൊതുവിതരണ ശൃംഖല ഇല്ലാതാവും. എഫ്സിഐ ഗോഡൗണുകൾ ഉൾപ്പെടെ കോർപ്പറേറ്റുകൾ ലക്ഷ്യംവച്ചിട്ടുണ്ട്. ഏറ്റവുമധികം ദുരിതം അനുഭവിക്കുക കേരളത്തിലെ ജനങ്ങളായിരിക്കും. സംസ്ഥാനത്തെ ശക്തമായ പൊതുവിതരണ സമ്പ്രദായം തന്നെ ഇല്ലാതാകുന്ന സാഹചര്യം വന്നുചേരും.

നരേന്ദ്രമോഡി രണ്ടാമതും അധികാരത്തിൽ വന്നതോടെ കാർഷിക മേഖല കോർപ്പറേറ്റുകൾക്ക് കൈമാറുന്നതിന് ആവശ്യമായ നടപടികൾ അതിവേഗതയിൽ മുന്നോട്ടുപോയി. അതിന്റെ ഭാഗമായാണ് പാർലമെന്റ് നിയമങ്ങൾ പാസാക്കിയത്. പാർലമെന്റ് അംഗങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ തള്ളിക്കളഞ്ഞുകൊണ്ടാണ് ബില്ലുകൾ ശബ്ദ വോട്ടോടെ പാസാക്കിയത്. അംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികൾ ചർച്ച ചെയ്തില്ല. പാർലമെന്റ് പാസാക്കിയ കർഷക വിരുദ്ധ നയങ്ങൾക്കെതിരായാണ് കൃഷിക്കാർ തെരുവിലിറങ്ങിയത്. രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന കർഷകർ നാമമാത്ര ചെറുകിട, ഇടത്തരം കർഷകരാണ്. അവരോടൊപ്പം, ഇന്ത്യയിലെ ധനിക കർഷകരും കുലാക്കുകൾ എന്ന് വിശേഷിപ്പിക്കുന്ന അതിധനിക കർഷകരും സമരത്തിൽ അണിചേർന്നിട്ടുണ്ട്.

കൃഷിയുടെ കോർപ്പറേറ്റുവൽക്കരണം തങ്ങളുടെ കൈവശം ഉള്ള ഭൂമി നഷ്ടപ്പെടും എന്ന തിരിച്ചറിവിലാണ് കർഷകർ ഒന്നിച്ചു പോരാടുന്നതിന് നിർബന്ധിതമാക്കിയത്. പാവപ്പെട്ട കർഷകരും അതിസമ്പന്നരായ കർഷകരും തമ്മിലുള്ള വൈരുദ്ധ്യം മാറ്റിവച്ച് രാജ്യത്തെ എല്ലാ വിഭാഗം കൃഷിക്കാരും ഒരു വർഗ്ഗമെന്ന നിലയ്ക്ക് യോജിച്ച് പൊതുശത്രുവായ കോർപ്പറേറ്റുകൾക്ക് എതിരായി അണിനിരക്കുന്നതാണ് രാജ്യത്ത് ഇന്ന് കാണുന്നത്. അതാണ് ഡൽഹി അതിർത്തികളിൽ 2020 നവംബർ 26 മുതൽ ആരംഭിച്ച ഐതിഹാസികമായ കർഷക സമരം. 2020 നവംബർ 26ന് ആണ് ഡൽഹി ചലോ എന്ന മുദ്രാവാക്യം കർഷക സംഘടനകൾ ഉയർത്തിയത്.

പതിനായിരക്കണക്കിന് കർഷകർ ഡൽഹിയിലേക്ക് പ്രവഹിച്ചു. കർഷക കുടുംബങ്ങൾ ഒന്നടങ്കം അവരുടെ വാഹനമായ ട്രാക്ടറുകളിൽ ഒഴുകി, ഡൽഹിയിൽ എത്തു

കയായിരുന്നു. സമരവിജയം കണ്ടേ തിരിച്ചുപോകൂ എന്ന പ്രതിജ്ഞയുമായാണ് അവർ തങ്ങളുടെ ഗ്രാമങ്ങളിൽ നിന്നു പുറപ്പെട്ടത്. മാസങ്ങൾ സമരമുഖത്ത് കഴിയേണ്ടി വന്നാൽ അതിനാവശ്യമായ ഭക്ഷണസാധാനങ്ങളും തണുപ്പിനെ അതിജീവിക്കാനുള്ള കമ്പിളിയും മറ്റു വസ്ത്രങ്ങളും ആവശ്യമായ മരുന്നും വെള്ളവും എല്ലാം ട്രാക്ടറുകളിൽ കരുതിവച്ചാണ് കർഷകർ ഡൽഹിയിൽ ഒരു പ്രവാഹംപോലെ ഒഴുകിയെത്തിയത്. ഇതിനകം സമരഭൂമിയിൽ 607 കർഷകർ മരണപ്പെട്ടു. മരണപ്പെട്ട 23 പേർ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ടവരാണ്. അവർ കർഷക സമരത്തിലെ രക്തസാക്ഷികളാണ്.

സമരത്തെ അടിച്ചമർത്താൻ കേന്ദ്ര ഗവണ്മെന്റ് എല്ലാ പരിശ്രമങ്ങളും നടത്തി. ബാരിക്കേഡുകളും മുള്ളുവേലികളും നിരത്തി തടസങ്ങൾ സൃഷ്ടിച്ചു. വെള്ളവും വൈദ്യുതിയും വിച്ഛേദിച്ചും കർഷികർക്കെതിരായി ഭരണകൂടം ഭീകരത സൃഷ്ടിച്ചു. കർഷകരുടെ നേരെ ലാത്തിച്ചാർജും വെടിവയ്പും തുടങ്ങി ക്രൂരമായ മർദ്ദനമുറകൾ അഴിച്ചുവിട്ടു. അതെല്ലാം അവഗണിച്ച് കർഷകർ പൂർവ്വാധികം ശക്തിയോടെ സമരവുമായി മുന്നോട്ടു പോകുന്നു.

2020ലെ റിപ്പബ്ലിക് ദിനത്തിൽ ദേശീയ പതാകയുമായി കർഷക പരേഡ് നടത്തുമെന്ന പ്രഖ്യാപനം ഏറെ ശ്രദ്ധേയമായിരുന്നു. പതിനായിരക്കണക്കിന് കർഷകർ ട്രാക്ടറുകളിൽ ദേശീയ പതാകയുമായി ഡൽഹിയയിൽ എത്തി. കർഷകരെ പ്രകോപിപ്പിക്കാനുള്ള എല്ലാ പരിശ്രമങ്ങളും ഭരണകൂടം നടത്തി. പൊലീസിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും അംഗീകരിച്ച് സമാധാനപരമായി റിപ്പബ്ലിക് ദിന പരേഡ് നടത്തുമെന്നു കർഷക സംഘടനകൾ പ്രഖ്യാപിച്ചു. കർഷക സമരത്തെ ജനങ്ങളുടെ മുമ്പിൽ മോശമായി ചിത്രീകരിക്കുന്നതിന് സംഘപരിവാർ ശക്തികളും ഡൽഹി പൊലീസും കോർപ്പറേറ്റ് മാധ്യമങ്ങളും ആസൂത്രിതമായ നീക്കങ്ങൾ നടത്തി. അതിന്റെ ഭാഗമായാണ് ഒരു വിഭാഗം സംഘപരിവാർ പ്രവർത്തകർ കർഷകരുടെ പേരിൽ ചെങ്കോട്ടയിൽ കയറി സിക്കുമതത്തിന്റെ ചിഹ്നമായ പതാക ഉയർത്തിയത്. അതിനെത്തുടര്ന്ന് കർഷക പ്രക്ഷോഭത്തെ രാജ്യദ്രോഹ സമരമായി ചിത്രീകരിച്ചുകൊണ്ടുള്ള വലിയ പ്രചരണം നടന്നു.

കർഷക ഐക്യത്തെ ഭിന്നിപ്പിക്കാനും സമരം രാജ്യദ്രോഹപരമാണ് എന്ന് ജനങ്ങളിൽ പ്രചരിപ്പിക്കാനും വലിയ പരിശ്രമങ്ങൾ ഉണ്ടായി. അതെല്ലാം ജനങ്ങൾ തള്ളിക്കളഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സമരത്തിന് പിന്തുണ ലഭിച്ചു. ലോകത്തെ ശ്രദ്ധേയമായ സമരമായി കർഷക സമരം മാറി.

ഡൽഹിയിലെ മൂന്ന് കേന്ദ്രങ്ങളിൽ നവംബർ 26 മുതൽ തുടങ്ങിയ സമരത്തോടൊപ്പം തന്നെ രാജ്യത്തിന്റെ എല്ലാ മേഖലകളിലും കർഷകർ ശക്തമായി സമരരംഗത്തു വന്നു. രാജ്യത്തിന്റെ വിവിധ മേഖലകളിൽ സമരത്തെ അടിച്ചമർത്താൻ ശ്രമം ആരംഭിച്ചു. കൂടുതൽ കൂടുതൽ ജനങ്ങളും സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള ആദരണീയരായ വ്യക്തികളും സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു സമരം കൂടുതൽ ശക്തമാക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഡൽഹിയിലെ സമരഭൂമിയായ സിംഘുവിൽ ഓഗസ്റ്റ് 26, 27 തീയതികളിൽ കർഷകരുടെ ദേശീയ കൺവെൻഷൻ ചേർന്നത്. ആ കർഷക കൺവെൻഷനാണ് സെപ്റ്റംബർ 27ന് ഭാരതബന്ദിന് ആഹ്വാനം ചെയ്തത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മഹാപഞ്ചായത്തുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചു. കൺവെൻഷന്റെ തീരുമാനപ്രകാരം രാജ്യത്തിന്റെ വിവിധ മേഖലകളിൽ മഹാ പഞ്ചാ യത്തുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചു. ലക്ഷക്കണക്കിന് കർഷകരാണ് മഹാപഞ്ചായത്തുകളിൽ പങ്കെടുത്തത്. യുപിയിലെ മുസാഫർ നഗറിൽ നടന്ന മഹാ പഞ്ചായത്തിൽ പതിനായിരക്കണക്കിന് കർഷകർ പങ്കെടുത്തു. കർഷക സമരത്തിന്റെ ഒരു പുതിയ ഘട്ടത്തെ സൂചിപ്പിക്കുന്നതാണ് മഹാപഞ്ചായത്തുകൾ.

ബിജെപിയെ അധികാരത്തിൽ നിന്നും പുറന്തള്ളണമെന്ന ആവശ്യം കർഷക പഞ്ചായത്തുകളിൽ ഉയർന്നു. അതിനായി മുദ്രാവാക്യം വിളിക്കാൻ കർഷകർ മുന്നോട്ടുവന്നു. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബിജെപിയെ പരാജയപ്പെടുത്തണം എന്ന സമീപനം മഹാപഞ്ചായത്തുകളിൽ ഉയർന്നു വന്നു. രാഷ്ട്രീയ മാറ്റത്തിലൂടെ മാത്രമെ കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയൂ എന്ന തിരിച്ചറിവ് കർഷകരിൽ ശക്തിപ്പെടുന്നത് ഇന്ത്യൻ രാഷ്ട്രീയത്തിലെ ശ്രദ്ധേയമായ മാറ്റമാണ്.

കർഷക സമരത്തിന് നേതൃത്വം നൽകിയ നേതാക്കളിൽ ഒരു വിഭാഗത്തിന് അരാഷ്ട്രീയ സമീപനമാണ് ഒരു ഘട്ടംവരെ ഉണ്ടായിരുന്നത്. ധനിക, കുലാക് കർഷകരെ പ്രതിനിധീകരിക്കുന്ന സംഘടന നേതാക്കളാണ് അത്തരം സമീപനം സ്വീകരിച്ചിരുന്നത്. അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ആ നിലപാടിൽ മാറ്റം വരുത്താൻ തുടങ്ങി. രാഷ്ട്രീയ പാർട്ടി നേതാക്കളെ സമരവേദിയിൽ നിന്നും മാറ്റിനിർത്തുന്ന സമീപനം ഉപേക്ഷിക്കുവാനും രാഷ്ട്രീയ പാർട്ടികൾ ഉൾപ്പെടെ എല്ലാവരുടെയും പിന്തുണ തേടാത്ത അത്തരം വിഭാഗം ഇപ്പോൾ തയാറായിട്ടുണ്ട്.

കർഷക പ്രക്ഷോഭ വേദികൾ, ഐക്യത്തിന്റെ വേദികളായി രാജ്യത്ത് എല്ലായിടത്തും മാറുകയാണ്. മഹാപഞ്ചായത്തു നടന്ന മുസാഫർ നഗറിൽ 2013–ൽ നടന്ന വർഗ്ഗീയ കലാപം രാജ്യത്ത് ഞെട്ടലുണ്ടാക്കിയതാണ്. വർഗ്ഗീയ കലാപത്തിൽ നിരവധിപേർ അവിടെ കൊല്ലപ്പെട്ടു. ജനങ്ങളെ ഹിന്ദു–മുസ്ലിങ്ങളായി വിഭജിച്ചു. അത്തരം വിഭജനത്തിലൂടെയാണ് ബിജെപി യുപിയിൽ ഉൾപ്പെടെ മുന്നോട്ടുവരുന്നത്. കർഷകസമരത്തിലൂടെ കൃഷിക്കാരും, ജനങ്ങളും ഒന്നിക്കുകയാണ്. ഹിന്ദുക്കളും മുസ്ലിങ്ങളും എല്ലാ വിഭാഗങ്ങളും ഒന്നിച്ചു നിൽക്കുന്നു. അവരുടെ പൊതുശത്രു കോർപ്പറേറ്റുകളാണ്, അവരുടെ കൊള്ളയാണ് എന്ന് തിരിച്ചറിഞ്ഞ് അതിനെതിരെ പോരാടുകയാണ്. അതാണ് കർഷക സമരത്തിലൂടെ രാജ്യത്ത് ഇന്ന് കാണുന്നത്.

ഹരിയാനയിലെ കർണാലിൽ നടന്ന മഹാപഞ്ചായത്തും രാജ്യത്ത് വരുന്ന രാഷ്ട്രീയ മാറ്റത്തിന്റെ സൂചന നൽകുന്നു. ബിജെപിക്കെതിരായി കർഷകർ മുന്നോട്ടുവരുന്നു. ബിജെപി ഗവണ്മെന്റാണ് കർഷകരെ ദ്രോഹിക്കുന്നത് എന്ന തിരിച്ചറിവാണ് അതിനു കാരണം. കർണാലിൽ നടന്ന പ്രക്ഷോഭത്തിൽ പങ്കെടുത്ത കർഷകരെ പൊലീസ് മർദ്ദിച്ചു കൊലപ്പെടുത്തിയതിനെതിരെ അവിടെ നടന്ന ജനകീയ മുന്നേറ്റങ്ങളിൽ ഹരിയാന ബിജെപി ഗവൺമെന്റ് മുട്ടുകുത്തി. ഇതൊക്കെ കർഷകസമരത്തിന്റെ അനുഭവങ്ങളാണ്.

കൃഷിക്കാർക്കൊപ്പം തന്നെ ഇന്ത്യൻ തൊഴിലാളിവർഗ്ഗവും പ്രക്ഷോഭത്തിന്റെ പാതയിലാണ്. കോർപ്പറേറ്റ്വൽക്കരണത്തിന്റെ ഇരകളാണ് ഇന്ത്യയുടെ സംഘടിതരും അസംഘടിതരുമായ തൊഴിലാളികൾ. തൊഴിൽ കോഡുകൾ ഏകീകരിച്ച് കോർപ്പറേറ്റുകൾക്ക് അനുകൂലമാക്കിയത് ഇന്ത്യയിലെ തൊഴിലാളികളെ പ്രകോപിപ്പിച്ചിട്ടുണ്ട്. സംഘടിക്കുന്നതിനും യൂണി

യൻ രൂപീകരിക്കുന്നതിനും വിലക്കിട്ടിരിക്കുകയാണ്. തൊഴിലാളികളുടെ അവകാശങ്ങൾ ഇല്ലാതാക്കുകയാണ്. രാജ്യത്തിന്റെ നട്ടെല്ലായ പൊതുമേഖലയെ പൂർണ്ണമായും വിദേശകുത്തക കമ്പനികൾക്ക് വിൽക്കുന്നതിന് തീരുമാനിച്ച് കേന്ദ്ര ഗവണ്മെന്റ് മുന്നോട്ടുപോകുകയാണ്. തൊഴിലാളി വർഗ്ഗം ശക്തമായ പോരാട്ടത്തിലാണ്. സെൻട്രൽ ട്രേഡ് യൂണിയനുകളുടെ വേദി 2020 നവംബർ 26-ന് അഖിലേന്ത്യ അടിസ്ഥാനത്തിൽ പണിമുടക്കിനാഹ്വാനം നടത്തിയത് ഏറെ ശ്രദ്ധേയമായിരുന്നു.

ഇന്ന് തൊഴിലാളികളും കർഷകരും ഒരുമിച്ചുനിന്നുള്ള പോരാട്ടത്തിലാണ്. തൊഴിലാളി വർഗ്ഗ കർഷക ഐക്യം രാജ്യത്ത് വളർന്നു വരികയാണ്. ശരിയായ ദിശയിലുള്ള രാഷ്ട്രീയ മാറ്റത്തിന് ഈ ഐക്യം ശക്തിപകരും. നവംബർ 27ന് നടന്ന ഭാരത് ബന്ദ് ഐതിഹാസികമായ ജനകീയ സമരമായി മാറി. കോർപ്പറേറ്റ് ചൂഷണത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കാൻ ആഗ്രഹിക്കുന്ന വിവിധ വിഭാഗം ജനങ്ങൾ ബന്ദിന് പിന്തുണ നൽകുകയും രാജ്യം അന്ന് പൂർണ്ണമായും സ്തംഭിക്കുകയും ചെയ്തു.ഇത് രാജ്യത്ത് വളർന്നുവരുന്ന തൊഴിലാളി,കർഷക,ബഹുജന ഐക്യത്തിന്റെ വ്യക്തമായ സൂചനയാണ്.

## ഭാരത് ബന്ദ് - പ്രതിഷേധ കൂട്ടായ്മ








airtel 4G




AIKS
ഭാരത് ബന്ദ്


ഐക്യദാർഢ്യവുമായി
കേരള ഹർത്താൽ

ജയനാരായണൻ



# പെട്രോളിയം ഉൽപ്പന്നങ്ങളും ജി.എസ്.ടിയും

ഇക്കഴിഞ്ഞ ജി.എസ്.ടി.കൗൺസിലുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന പ്രധാന ചോദ്യം പെട്രോളിന്റേയും ഡീസലിന്റേയും നികുതി ജി.എസ്.ടിയിൽ ഉൾപ്പെടുത്തി അവയുടെ വില പൊതു ജനത്തിന് താങ്ങാവുന്ന നിലയിലേക്ക് താഴ്ത്തുമോ എന്നതായിരുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളെ തൽക്കാലം ഉൾപ്പെടുത്തേണ്ടതില്ല എന്നതായിരുന്നു കേരളവും മറ്റ് സംസ്ഥാനങ്ങളും സ്വീകരിച്ച നിലപാട്.

മറ്റൊരു പ്രധാന അജണ്ട സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി.നഷ്ടപരിഹാര ഗ്രാന്റിന്റെ കാലാവധി സംബന്ധിച്ചായിരുന്നു. ലഖ്നൗവിൽ ചേർന്ന കഴിഞ്ഞ ജി.എസ്.ടി.കൗൺസിൽ യോഗത്തിൽ ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാ സംസ്ഥാനങ്ങളും നഷ്ടപരിഹാര ഗ്രാന്റ് അനുവദിക്കുന്നതിനുള്ള കാലാവധി നീട്ടണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഇത് അഞ്ച് വർഷത്തേക്ക് കൂടി നീട്ടണമെന്നായിരുന്നു കേരളം, പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ പ്രതിപക്ഷ സംസ്ഥാനങ്ങൾക്കൊപ്പം ബി.ജെ.പി.ഭരിക്കുന്ന സംസ്ഥാനമായ കർണ്ണാടകവും ആവശ്യപ്പെട്ടത്. എന്നാൽ ഇക്കാര്യത്തിൽ ജി.എസ്.ടി. യോഗത്തിൽ തീരുമാനമുണ്ടായില്ല. നിലവിലെ നിയമമനുസ്സരിച്ച് ജി.എസ്.ടി. നടപ്പാക്കുമ്പോൾ 14 ശതമാനത്തിൽ താഴെ വരുമാന ചോർച്ചയുള്ള സംസ്ഥാനങ്ങൾക്ക് അഞ്ചുവർഷത്തേക്ക് നഷ്ടപരിഹാരം കേന്ദ്ര സർക്കാർ നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് കൗൺസിൽ യോഗത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചില്ല.

ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സംസ്ഥാനങ്ങൾക്ക് വലിയതോതിൽ വരുമാന ചോർച്ചയുണ്ടായി. നഷ്ടം നികത്തുന്നതിനായി കേന്ദ്ര സർക്കാർ നൽകി വരുന്ന നഷ്ടപരിഹാര തുക നിലവിലെ നിയമമനുസ്സരിച്ച് 2022 ജൂൺ വരെ മാത്രമേ സംസ്ഥാനങ്ങൾക്ക് ലഭിക്കൂ. ഇത് തുടർന്നും ലഭിക്കാത്ത പക്ഷം സംസ്ഥാനങ്ങൾക്ക് കടുത്ത റവന്യൂ നഷ്ടമുണ്ടാകും. ഇത് അവിടങ്ങളിലെ വികസന, ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ഇപ്പോൾത്തന്നെ അവകാശപ്പെട്ട നികുതി വിഹിതം കൃത്യമായി വിതരണം ചെയ്യപ്പെടുന്നില്ല. ഇക്കാര്യത്തിൽ ബി.ജെ.പി. ഇതര സംസ്ഥാനങ്ങളോട് ചിറ്റമ്മ നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നത്.

ഒന്നാം മോദി സർക്കാർ വൻ പ്രചരണം നടത്തി നടപ്പാക്കിയ "ഒരു രാജ്യം, ഒരു കമ്പോളം, ഒരു നികുതി" എന്ന ജി.എസ്.ടി. സംവിധാനം അഞ്ച് വർഷം പിന്നിടുമ്പോഴും ശൈശവാരിഷ്ടതകളിൽ നിന്ന് പോലും മുക്തമായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ജി.എസ്.ടി.ക്ക് മുമ്പുള്ള വാറ്റ് സംവിധാനം വഴി സമാഹരിച്ചിരുന്ന നികുതി വരുമാനത്തിന്റെ നിലവാരത്തിൽ എത്താൻ പോലും ജി.എസ്.ടി. സംവിധാനത്തിന് കഴിഞ്ഞില്ല എന്നത് അതിന്റെ വലിയ പോരായ്മയാണ്. ഇപ്പോൾ ലഭിച്ച് വരുന്ന നികുതി വരുമാനം ജി.ഡി.പി.യുടെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് താനും. നികുതി പിരിവ് വഴിയുള്ള വരുമാനം മെച്ചപ്പെടുത്താൻ ജി.എസ്.ടി.ക്ക് കഴിയുന്നില്ലന്നതാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ പരാജയം. ഏറ്റവും പുതിയ കണക്കനുസ്സരിച്ച് ജി.എസ്.ടിയുടെ ശരാ

ശരി നിരക്ക് 14.4 ശതമാനമാണെങ്കിൽ അത് 2019-ൽ എത്തിയപ്പോൾ 11.6 ശതമാനമായി ഇടിഞ്ഞു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ജി.എസ്.ടി.യിൽ ഉൾപ്പെടുത്തേണ്ട എന്നും നിലവിലെ നികുതി ഘടന തന്നെ തുടർന്നാൽ മതിയെന്നുമാണ് ജി.എസ്.ടി.കൗൺസിൽ തീരുമാനമെടുത്തിരിക്കുന്നത്. നമ്മുടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങൾക്ക് വലിയ വില വർദ്ധനയാണ് അനുഭവപ്പെടുന്നത്. സേവന രംഗത്തും വലിയ ചെലവ് നേരിടുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉയർന്ന വില കടത്ത് കൂലിയിൽ വലിയ വർദ്ധനവുണ്ടാക്കി. ഇത് ഫലത്തിൽ ചരക്കുകളുടെ വില വർദ്ധനവിൽ കലാശിച്ചു.

പെട്രോളിന്റേയും ഡീസലിന്റേയും വില നിയന്ത്രിക്കുന്നത് വിപണി ഘടകങ്ങളാണ്. ഇത് ആഗോള ക്രൂഡ് ഓയിലിന്റെ വിലയുമായി ബന്ധപ്പെട്ട് കിടക്കുന്നു. 2014-ൽ ആഗോള വിപണിയിൽ ഒരു ബാരൽ ക്രൂഡ് ഓയിലെന്റെ വില 112 ഡോളറായിരുന്നു. എന്നാൽ ഇപ്പോൾ അത് 62 ഡോളറായി കുറഞ്ഞു. ഈ കുറവ് നമ്മുടെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ പ്രതിഫലിക്കേണ്ടതാണ്. എന്നാൽ അത് റോക്കറ്റ് വേഗതയിൽ കുതിച്ചുയരുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ വില കുറയുമെന്നാണ് കേന്ദ്ര സർക്കരിന്റെ ഭാഷ്യം. എന്നാലിതു വഴി വില കുറയില്ല എന്നും വില കുറയണമെങ്കിൽ കേന്ദ്രം ഇപ്പോൾ പിരിച്ചു കൊണ്ടിരിക്കുന്ന അധിക സെസ്സുകൾ നിർത്തലാക്കുകയാണ് വേണ്ടതെന്നും സംസ്ഥാന ധനമന്ത്രി കെ.എൻ.ബാലഗോപാൽ ചൂണ്ടിക്കാട്ടിയിരുന്നു.

കഴിഞ്ഞ മാസങ്ങളിൽ രാജ്യത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പെട്രോളിന്റെ വില ലിറ്ററിന് നൂറു രൂപയിൽ അധികമായി. കോവിഡിനെ നേരിടാനും വികസന പ്രവർത്തനങ്ങൾ നടത്താനും അധിക വരുമാനം ആവശ്യമാണെന്നും ഇത് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ചുമത്തുന്ന നികുതിയിൽ നിന്നാണ് കണ്ടെത്തുന്നതുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്.

**പെട്രോളിന്റെ വില നിർണ്ണയം**
**(ലിറ്ററിന് രൂപയിൽ)**

അടിസ്ഥാന വില 37.29
ചരക്ക് കൂലി 00.36
കേന്ദ്ര എക്സൈസ് നികുതി 32.90
സംസ്ഥാന നികുതി 25.13
ഡീലർ കമ്മീഷൻ 03.80
ആകെ വില 99.48

**ഡീസലിന്റെ വില നിർണ്ണയം**
**(ലിറ്ററിന് രൂപയിൽ)**

അടിസ്ഥാന വില 39.90
ചരക്ക് കൂലി 00.33
കേന്ദ്ര എക്സൈസ് നികുതി 31.80
സംസ്ഥാന നികുതി 20.12
ഡീലർ കമ്മീഷൻ 02.59
ആകെ വില 94.74

അടിസ്ഥാന വിലയിൽ ലിറ്ററിന് പെട്രോളിന്മേൽ 88 ശതമാനവും ഡീസലിന്മേൽ 80 ശതമാനവും കേന്ദ്രം നികുതി ചുമത്തിയിരിക്കുന്നു. എന്നാൽ ബി.ജെ.പി.കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നത് കേന്ദ്ര നികുതിയുടെ 41 ശതമാനവും സംസ്ഥാനങ്ങൾക്ക് വീതം വക്കുന്നുവെന്നാണ്. പെട്രോളിന്മേൽ കേന്ദ്രം പിരിക്കുന്ന എക്സൈസ് നികുതിയായ 32.90 രൂപയിൽ അധിക എക്സൈസ് നികുതിയായ 1.40 രൂപയും ഉൾപ്പെടുന്നു. ഈ അധിക എക്സൈസ് ഡ്യൂട്ടിയുടെ 41 ശതമാനമാണ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്നത്. അധിക എക്സൈസ് ഡ്യൂട്ടി 1.40 രൂപയായതിനാൽ അതിന്റെ 41 ശതമാനമായ 57 പൈസയാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. ഇതിന്റെ വിതരണം ജനസംഖ്യാനുപാത ത്തിലായതിനാൽ കേരളത്തിന് ഈയിനത്തിൽ കിട്ടുന്നത് കേവലം ഒരു രൂപ മാത്രമാണ്.

നമ്മുടെ രാജ്യത്ത് ഭരണച്ചെലവുകൾക്കും വികസനത്തിനും പണം കണ്ടെത്തുന്നത് പരോക്ഷ നികുതിയിൽ നിന്നുമാണ്. പെട്രോളിൽ നിന്ന് 33 രൂപയും ഡീസലിൽ നിന്ന് 32 രൂപയും കേന്ദ്ര സർക്കാർ പിരിക്കുമ്പോൾ സംസ്ഥാന സർക്കാർ പിരിക്കുന്നത് 26 രൂപ മാത്രമാണ്. കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ പെട്രോളിന്മേൽ മൂന്ന് മടങ്ങാണ് കേന്ദ്രം സെസ് വർദ്ധിപ്പിച്ചത്. പെട്രോളും ഡീസലും ജി.എസ്.ടി.യുടെ പരിധിയിലായത് കൊണ്ട് മാത്രം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയില്ല. കാരണം പ്രത്യേക തീരുവയായും സെസ്സുകളുമായാണ് കേന്ദ്രം പെട്രോളിന്റേയും ഡീസലിന്റേയും നികുതി പിരിക്കുന്നത്. പ്രത്യേക തീരുവയുടേയും സെസ്സുകളുടേയും വിഹിതം സംസ്ഥാനങ്ങൾക്ക് വീതിക്കേണ്ടതില്ല. വീതം വക്കുന്നത് അധിക എക്സൈസ് ഡ്യൂട്ടി പെട്രോളിന് 1.40 രൂപയും ഡീസലിന്മേൽ 1.80 രൂപയും മാത്രമാണ്. കേന്ദ്രം ചുമത്തുന്ന അധിക ഭാരം മുഴുവനും അധിക സെസ്സുകൾ ആയിട്ടാണ്. ജി.എസ്.ടിയിലേക്ക് മാറിയാലും ഈ അധികഭാരം ഒഴിവാക്കാൻ കേന്ദ്രം തയ്യാറാവില്ല. ജി.എസ്.ടിയുടെ കീഴിലാക്കി പരമാവധി 28 ശതമാനം നികുതി ഏർപ്പെടുത്തിയാൽ തന്നെ അതിന്റെ പകുതി മാത്രമേ സംസ്ഥാനങ്ങൾക്ക് ലഭിക്കുകയുള്ളു. ജി.എസ്.ടിയിലേക്ക് മാറുകയും കേന്ദ്രത്തിന്റെ അധിക സെസ്സുകൾ തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കുറയില്ല എന്ന് സാരം.

മുൻ യു.പി.എ. സർക്കാരിന്റെ കാലത്ത് ഇന്ധന വില കുറക്കാനായി 1.34 ലക്ഷം കോടിയുടെ ഓയിൽ ബോണ്ടുകൾ ഇറക്കിയിരുന്നു. ഇത് ഇപ്പോൾ തിരിച്ചടക്കേണ്ട ഘട്ടമാണെന്നതിനാൽ വലിയ ബാദ്ധ്യതയാണ് വന്ന് ചേർന്നിരിക്കുന്നതെന്നും ആയതിനാൽ എക്സൈസ് തീരുവ കുറക്കാനവില്ലന്നുമാണ് കേന്ദ്രത്തിന്റെ നിലപാട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പതിനായിരം കോടി രൂപ മാത്രമേ ഓയിൽ ബോണ്ടിന്മേൽ തിരിച്ചടവ് നടത്തേണ്ടതുള്ളൂ. എന്നാൽ കേന്ദ്ര സർക്കാർ നടപ്പ് സാമ്പത്തികവർഷത്തെ ആദ്യ നാലു മാസങ്ങൾ കൊണ്ട് മാത്രം പിരിച്ചെടുത്ത നികുതി ഒരു ലക്ഷം കോടി രൂപയിലധികമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലാകട്ടെ എക്സൈസ് തീരുവയിനത്തിൽ 3.35 ലക്ഷം കോടി റെക്കോർഡ് വരുമാനം കേന്ദ്ര സർക്കാരിന് ലഭിച്ചു. മുൻ യു.പി.എ. സർക്കാരിന്റെ ചെയ്തികളാണ് എണ്ണ വില കുറക്കാൻ തടസ്സമായി നിൽക്കുന്നതെന്ന കള്ള പ്രചരണമാണ് ബി.ജെ.പി. സർക്കാർ നടത്തുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ.

പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയേക്കാൾ ഉയർന്ന തുകയാണ് കേന്ദ്രം എക്സൈസ് നികുതിയായി പിരിച്ചെടുക്കുന്നത്. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡോയിലിന് വില കുറയുമ്പോഴും നമ്മുടെ രാജ്യത്തെ പെട്രോളിന്റേയും ഡീസലിന്റേയും വില കുറയുന്നില്ല. ക്രൂഡോയിൽ വിലക്കുറവിന്റെ ആനുകൂല്യം കേന്ദ്ര സർക്കാർ തട്ടിയെടുക്കുകയാണ്. കേന്ദ്രസർക്കാർ വരുമാനത്തിന്റെ വർദ്ധന സംസ്ഥാനങ്ങളുമായി പങ്കിടുന്നില്ലന്ന് മുൻ റിസർവ് ബാങ്ക് ഗവർണ്ണർ രഘുറാം രാജൻ ഈയടുത്ത ദിവസം അഭിപ്രായപ്പെട്ടത് ഇതിനോട് കൂട്ടി ചേർത്ത് വായിക്കേണ്ടതാണ്. കേന്ദ്ര നികുതികളിലെ വരുമാനം പൂർണ്ണമായും കേന്ദ്ര സർക്കാർ സ്വന്തമാക്കുന്നത് ഫെഡറലിസത്തിന് എതിരാണ്. ഇതിനെതിരേ പ്രതിഷേധം ഉയർന്ന് വരണം.




**പാചക വാതക വിലവർദ്ധനവിനെതിരേ മലപ്പുറത്ത് സംഘടിപ്പിച്ച കുറ്റവിചാരണ**




**പാചക വാതക വില വർദ്ധനവിനെതിരെ നടന്ന പ്രതിഷേധ സമരത്തിന്റെ സമാപനം തിരുവനന്തപുരത്ത്**




**ഹോട്ടലുകളും റസ്റ്റോറന്റുകളും തുറന്ന് പ്രവർത്തിപ്പിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട്**
**സെക്രട്ടേറിയറ്റിന് മുന്നിൽ ബാർ ഹോട്ടൽ & റസ്റ്റോറന്റ് എംപ്ലോയീസ് യൂണിയൻ സംഘടിപ്പിച്ച ധർണ്ണ**

# പ്ലാനിങ് ബോർഡ് അസംഘടിത തൊഴിലാളി വർക്കിംഗ് ഗ്രൂപ്പിൽ എ.ഐ.ടി.യു.സി. സംസ്ഥാന സെക്രട്ടറി ആർ. പ്രസാദ് അവതരിപ്പിച്ച പ്രാഥമിക നിർദ്ദേശങ്ങൾ

1. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അവരുടെ കൃത്യമായ ഡേറ്റാ ബേസ് ആവശ്യമാണ്.
2. നിലവിലെ ക്ഷേമനിധി ബോർഡുകൾ വഴി തൊഴിലാളികൾക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കണം.
3. തൊഴിലിടങ്ങളിലെ മരണങ്ങൾക്ക് പത്തുലക്ഷത്തിൽ കുറയാത്ത ഇൻഷുറൻസ് പരിരക്ഷ നൽകണം. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് നിലവിൽ അപകട മരണങ്ങൾക്ക് 10 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയുണ്ട്. ഇത് മറ്റെല്ലാ തൊഴിൽ മേഖലയിലും നടപ്പിലാക്കുകയും തൊഴിൽ ചെയ്യുമ്പോൾ സംഭവിക്കുന്ന ഹൃദയസ്തംഭനം പോലുള്ള പെട്ടെന്നുള്ള മരണങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കണം.
4. ജീവിതകാലം മുഴുവൻ പണിയെടുത്ത് ശാരീരിക അവശത വരുന്ന പെൻഷൻ പറ്റുന്ന തൊഴിലാളികൾക്ക് ചികിത്സാ സൗകര്യം ഉൾപ്പെടെയുള്ള എല്ലാ പരിരക്ഷയും നൽകണം.
5. പെൻഷൻ 7000 രൂപയായി വർദ്ധിപ്പിക്കണം.
6. ക്ഷേമനിധിയിൽ നിന്ന് വിരമിക്കുമ്പോൾ, റിട്ടയർമെൻറ് ആനുകൂല്യങ്ങൾ എല്ലാ വിഭാഗം തൊഴിലാളികൾക്കും ലഭ്യമാക്കണം.
7. നിലവിൽ പല ക്ഷേമനിധികളും വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇതിന് പരിഹാരം കാണുവാൻ ക്ഷേമനിധിയുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ക്രിയാത്മകമായ തീരുമാനം ഉണ്ടാകണം. നിർമ്മാണത്തൊഴിലാളി മേഖലയിൽ സെസ്സ് കാര്യക്ഷമ മാക്കുകയും ഭൂമിയുടെ ക്രയവിക്രയങ്ങളിൽ സെസ് പിരിക്കുകയും, ഓരോ തൊഴിലുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളിൽ നിന്ന് സെസ് ഈടാക്കാനും (ഉദാ. കയറ്റുമതിക്കാർ) സംവിധാനം ഉണ്ടാവണം.
8. കർഷകത്തൊഴിലാളി ക്ഷേമനിധി പോലുള്ള ക്ഷേമനിധിയിൽ നിന്ന് വലിയ തോതിൽ ആളുകൾ കൊഴിഞ്ഞു പോകുന്നു. ഇതിനു കാരണം ക്ഷേമനിധിയുടെ പ്രവർത്തനങ്ങളുടെ അന്തരങ്ങളാണ്. ഇത് പരിഹരിക്കുവാൻ അസംഘടിത മേഖലയിലെ ക്ഷേമനിധി ആനുകൂല്യങ്ങൾ ഏകദേശം സമാനമായ രീതിയിൽ പുനസംഘടിപ്പിക്കണം.
9. മോട്ടോർ തൊഴിലാളി ക്ഷേമനിധി, പീടിക തൊഴിലാളി ക്ഷേമനിധി, തുടങ്ങിയ ക്ഷേമ നിധികളിൽ ഉടമകൾ സമ്മതപത്രം നൽകാത്തതു മൂലം അംഗത്വം എടുക്കാൻ കഴിയുന്നില്ല. ഇതിന് പരിഹാരം ഉണ്ടാവണം. ആ രംഗത്ത് പണിയെടുക്കുന്ന എല്ലാവരെയും അംഗങ്ങളായി ചേർക്കാൻ കഴിയണം.
10. അസംഘടിത തൊഴിലാളി ക്ഷേമനിധി പോലുള്ള ബോർഡുകളിൽ തൊഴിലാളി അംശാദായ വിഹിതം കൂടുതലാണ്. അത് മൂലം തൊഴിലാളികൾ അംഗത്വമെടുക്കാൻ മടി കാണിക്കുന്നു. ഇതിനും പരിഹാരം ഉണ്ടാകണം.
11. നിർമ്മാണ തൊഴിലാളി ക്ഷേമനിധി പോലുള്ള ക്ഷേമനിധികളിൽ അംഗങ്ങൾ ആകുന്നവർക്ക് ചുമട്ടുതൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തിയത് പോലുള്ള ബോണസ് നൽകണം.
12. എല്ലാ രംഗത്തുമുള്ള തൊഴിലാളികൾക്ക് ബോണസ് ലഭിക്കുവാൻ ആവശ്യമായ പദ്ധതി ആവിഷ്കരിക്കണം.
13. ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ധനസഹായം കൃത്യമായി ലഭിക്കുന്നതിനും അവ തൊഴിലാളികൾക്ക് കൃത്യമായി ലഭ്യമാക്കുന്നതിനും കാര്യക്ഷമമായ സംവിധാനം ഉണ്ടാവണം.
14. കോവിഡ് മഹാമാരി ഏറ്റവും കൂടുതൽ ദുരിതത്തിലാക്കിയത് രാജ്യത്തെ അസംഘടിത/ കുടിയേറ്റ തൊഴിലാളികളെയാണ്. ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി സ്വമേധയ എടുത്ത കേസിൽ രാജ്യത്തെ അസംഘടിത തൊഴിലാളികളുടെ കൃത്യമായ ഡേറ്റാബേസ് തയ്യാറാകണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിരിക്കുകയാണ് ഇതിന്റെ അടിസ്ഥാന ത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയം ഈ-ശ്രം എന്ന പേരിൽ ഒരു പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിൽ ക്ഷേമനിധി അംഗത്വമുള്ള എല്ലാ തൊഴിലാളികളെയും ഒന്നിച്ച് ഈ-ശ്രം പോർട്ടലിൽ ലിങ്ക് ചെയ്യുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം.



# തൊഴിലാളികളേ, രാജ്യത്തെ രക്ഷിക്കൂ....

**(കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി പുറപ്പെടുവിക്കുന്ന പ്രസ്താവന)**

**ഇ**ക്കഴിഞ്ഞ ഓഗസ്റ്റ് 23നാണ് കേന്ദ്ര ധനകാര്യമന്ത്രി ദേശീയ ധനസമ്പാദന പൈപ്പ്ലൈൻ പദ്ധതി പ്രഖ്യാപിച്ചത്. അടുത്ത നാലുവർഷം കൊണ്ട് ആറ് ലക്ഷം കോടിയിലധികം രൂപ സമാഹരിക്കുന്നതിനായി രാജ്യത്തിന്റെ ആസ്തികളും പൊതുസ്വത്തുക്കളും പാട്ടത്തിന് നൽകിക്കൊണ്ടാണ് ധനം സമ്പാദിക്കാൻ പോകുന്നത്.

26,700 കിലോമീറ്റർ ദേശീയപാത, 400 റയിൽവേ സ്റ്റേഷനുകളും 150 ട്രെയിനുകളും, 42,300 സർക്യൂട്ട് കിലോമീറ്റർ ഊർജ്ജ വിതരണ ലൈനുകൾ, 5000 മെഗാവാട്ട് ജല-സൗര-വായു വൈദ്യുത പദ്ധതികൾ, 8000 കിലോമീറ്റർ ദേശീയ ഗ്യാസ് പൈപ്പ്ലൈൻ, ഐഒസിയുടെയും എച്ച്പിസിഎലിന്റെയും 4000 കിലോമീറ്റർ പൈപ്പ്ലൈനുകൾ, ബിഎസ്എൻഎൽ, എംടിഎൻഎൽ ടവറുകൾ, 21 വിമാനത്താവളങ്ങളും 31 തുറമുഖങ്ങളും, 160 കൽക്കരി ഖനികൾ, രണ്ട് സ്റ്റേഡിയങ്ങൾ എന്നിവയൊക്കെയാണ് ആറ് ലക്ഷം കോടിയിലധികം രൂപ മതിപ്പുവില നിശ്ചയിച്ച് വിവിധ കാലയളവുകളിലേക്കായി പാട്ടത്തിന് നൽകാനൊരുങ്ങുന്നത്.

ഇതിലൂടെ ലഭിക്കുന്ന തുക അടിസ്ഥാന സൗകര്യ വികസനത്തിൽ നിക്ഷേപിക്കുമെന്നാണ് സർക്കാരിന്റെ അവകാശ വാദം. ഇത്, സർക്കാരിന്റെ കയ്യിലുള്ള വലിയ ആസ്തികളെല്ലാം സ്വകാര്യമേഖലയ്ക്ക് മൂലധനത്തിന്റെ ബാധ്യതകളൊന്നുമില്ലാതെ കൈമാറാനുള്ള ഹീനപദ്ധതിയല്ലാതെ മറ്റൊന്നുമല്ല. നികുതി ദായകരുടെ പണം കൊണ്ടുണ്ടാക്കിയ പൊതുസ്വത്തുക്കൾ സൗജന്യമായി സ്വകാര്യവൽക്കരിക്കുവാനാണ് ഈ പദ്ധതി എന്ന വ്യാപക വിമർശനം ഉയരുന്നത് അതുകൊണ്ടാണ്. ഉടമസ്ഥാവകാശം സർക്കാരിന്റെ കയ്യിൽ നിലനിൽക്കുമെന്നും അതിനാൽ ഇത് പൂർണമായ സ്വകാര്യവൽക്കരണമല്ലെന്നുമാണ് ധനകാര്യമന്ത്രി നിർമ്മല സീതാരാമന്റെ ന്യായീകരണം. ഒരാൾപോലും ഈ ന്യായീകരണം വിശ്വസിക്കില്ല.

ഈ വിഷയത്തിൽ തർക്കം തുടരുന്നതിനിടെ, ഗ്രാമപഞ്ചായത്തുകൾ അവരുടെ കീഴിലുള്ള പൊതു സ്ഥലങ്ങളും ജലസംഭരണികളും പൊതു കെട്ടിടങ്ങളും പോലുള്ളവ നൽകി പണമുണ്ടാക്കണമെന്ന നിർദ്ദേശങ്ങൾ സർക്കാർ നൽകിയിരിക്കുന്നു. ഇത് ഗ്രാമീണ ജനതയിൽ ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

പദ്ധതി രേഖകൾ പ്രകാരം ആസ്തികൾ ഏറ്റെടുക്കുന്ന സ്വകാര്യ വ്യക്തികൾക്ക് ചാർജുകൾ വർധിപ്പിക്കാനുള്ള അധികാരം ലഭിക്കും. അതുവഴി പൊതുജനത്തിന്റെ ചെലവിൽ അവർക്ക് വലിയ ലാഭമുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കും. സ്വകാര്യമേഖലയിൽ പാട്ടത്തിന് നൽകുന്ന മേഖലകളിൽ നിന്നുള്ള സേനവങ്ങൾക്ക് സാധാരണക്കാരൻ ഇനി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതാണ് സർക്കാരിന്റെ ഈ നീക്കത്തിലൂടെ ഏറ്റവും ആദ്യം ഉണ്ടാകാൻ പോകുന്ന പ്രത്യാഘാതം. ഇത് മനസിലാക്കാൻ സാമാന്യ ബോധം മാത്രം മതി.

തൊഴിലുകൾ പുതുതായി സൃഷ്ടിക്കപ്പെടുമെന്നാണ് സർക്കാരിന്റെ മറ്റൊരു വാദം. ഇത് ശരിയല്ല. മറിച്ച് ആയിരക്കണക്കിന് തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതിയാണുണ്ടാകുക. ഇപ്പോൾ തന്നെ വലിയൊരു വിഭാഗം ജനങ്ങൾ തൊഴിലില്ലാതെ അലയുന്ന സാഹചര്യത്തിൽ ഇത് സൃഷ്ടിക്കുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും. തൊഴിൽ ഗുണനിലവാരം നഷ്ടപ്പെടും. സ്വകാര്യ തൊഴിൽ മേഖലയിൽ സംവരണം ഇല്ലാത്തതിനാൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളെയായിരിക്കും ഈ പദ്ധതി ഏറ്റവും ദോഷകരമായി ബാധിക്കുക.

ലാഭകരമായി പ്രവർത്തിക്കുന്ന

100 പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനവും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. അതായത്, സർക്കാരിന് ലഭിച്ചുകൊണ്ടിരുന്ന പണം സ്വകാര്യ കോർപറേറ്റ് കമ്പനികളുടെ പണപ്പെട്ടിയിലേക്ക് ഒഴുകാൻ തുടങ്ങും. ഇത് ജനങ്ങൾക്ക് സാമൂഹ്യസുരക്ഷ നൽകാനുള്ള സർക്കാരിന്റെ കഴിവ് ഇല്ലാതാക്കുമെന്ന് മനസിലാകാൻ വലിയ സാമ്പത്തികശാസ്ത്ര പാണ്ഡിത്യമൊന്നും വേണ്ട.

സമ്പന്നന്മാരിൽനിന്നും അതി സമ്പന്നന്മാരിൽനിന്നും നികുതി ഈടാക്കിക്കൊണ്ട് ഗണ്യമായ തുക സർക്കാരിന് സ്വരൂപിക്കാൻ സാധിക്കും. എന്നാൽ ഈ അതിസമ്പന്നർ സർക്കാരിന്റെ സുഹൃത്തുക്കളോ മേലാളന്മാർ പോലുമോ ആണ്. അതിനാൽ ഈ സമ്പന്നരിൽനിന്ന് നികുതി പിരിക്കുന്നതിന് സർക്കാർ തയ്യാറല്ല.

എന്തുകൊണ്ട് സാധാരണക്കാരനെ ദുരിതത്തിലാക്കുന്ന ഇത്തരം നയങ്ങൾ ഭരണകൂടം സ്വീകരിക്കുന്നു? കാരണം, അവർക്ക് തങ്ങളെ തീറ്റിപ്പോറ്റുന്ന കോർപറേറ്റുകളുടെ താല്പര്യം സംരക്ഷിക്കുന്നതിലാണ് ശ്രദ്ധ. ഈ ഹീനമായ കുറ്റകൃത്യം ചെയ്യുന്ന അപരാധികളെ അധികാരത്തിൽ നിന്ന് പുറത്താക്കേണ്ടതുണ്ട് . കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സ്വതന്ത്ര ഫെഡറേഷനുകളുടെയും അസോസിയേഷനുകളുടെയും സംയുക്ത സമിതിയും സംയുക്ത കർഷകസമിതിയും അതിനുള്ള പ്രക്ഷോഭത്തിലാണ്. രാജ്യത്തെ തൊഴിലാളിവർഗ്ഗം മിഷൻ ഇന്ത്യ എന്ന ക്യാമ്പയിനിലൂടെ നമ്മുടെ രാജ്യത്തിന്റെ സ്വത്തുക്കളും രാജ്യത്തെയും ജനങ്ങളുടെ ജീവിതത്തെയും സംരക്ഷിക്കാനുള്ള പോരാട്ടത്തിലേക്കാണ് മുന്നേറുന്നത്.

കേന്ദ്രത്തിലെ ഭരണകൂടം ഇൻഡ്യയെ വിൽക്കുവാൻ ശ്രമിക്കുമ്പോൾ അതിന്റെ ചെറുക്കേണ്ടതും രാജ്യത്തെ രക്ഷിക്കേണ്ടതും തൊഴിലാളി വർഗ്ഗത്തിന്റെ ചുമതലയാണ്. ആ ചുമതല എറ്റെടുത്ത് കൊണ്ട് ഭരണകൂടത്തിന്റെ ദേശ വിരുദ്ധവും വിനാശകരവുമായ ഈ പദ്ധതികളെ ചെറുത്ത് തോർപ്പിക്കുവാനുള്ള നിർണ്ണായക പോരാട്ടം ശക്തിപ്പെടുത്താനുള്ള കർമ്മ പരിപാടികൾക്ക് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി രൂപം നൽകിയിരിക്കുന്നു. അവ ഇനി പറയും പ്രകാരമാണ്.

സമസ്ത മേഖലകളിലെ സാധാരണക്കാരുടെ ജീവിതത്തിലും ഉപജീവന മാർഗ്ഗങ്ങളിലും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന വിനാശകരമായ ഈ നയത്തിനെതിരേ വിപുലവും നിരന്തരവുമായ യോജിച്ച പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

2021 ഒക്ടോബർ 7–ന് ദേശീയ പ്രതിഷേധ ദിനമായി ആചരിക്കുക. അന്ന് കുറഞ്ഞത് ജില്ലാ തലങ്ങളിലെങ്കിലും സംയുക്ത പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിക്കണം.

ദസറക്ക് ശേഷം എന്നാൽ ദീപാവലിക്ക് മുമ്പായി തൊഴിലാളികളുടെ ദേശീയ കൺവെൻഷൻ ദൽഹിയിൽ ചേർന്ന് പണിമുടക്കടക്കമുള്ള ഭാവി പ്രക്ഷോഭ പരിപാടികൾക്ക് രൂപം നൽകണം.


ദേശീയ ധന സമ്പാദന പൈപ്പ് ലൈൻ നേരിട്ട് ബാധിക്കുന്ന സ്ഥാപനങ്ങളിലെ പണിമുടക്കുൾ പ്പെടെയുള്ള പ്രക്ഷോഭ പരിപാടികൾക്കാവശ്യമായ എല്ലാ പിന്തുണയും സഹായസഹകരണങ്ങളും നൽകണം.

ഐഎൻടിയുസി – എഐടിയുസി – എച്ച്എംഎസ് – സിഐടിയു – എഐയുടിയുസി
ടിയുസിസി – സേവ – എഐസിസിടിയു – എൽപിഎഫ് – യുടിയുസി
സ്വതന്ത്ര ഫെഡറേഷനുകൾ

# രാജ്യത്തെ പൊതുമുതൽ വിറ്റഴിക്കുന്നതിൽ പ്രതിഷേധിച്ച് എ.ഐ.ടി.യു.സി. സെപ്റ്റംബർ ഒന്നിന് സംഘടിപ്പിച്ച പ്രതിഷേധ സമരം




പാലക്കാട്
678001
പൊതുമേഖലയെ സംരക്ഷിക്കുക...
പൊതുമേഖലയുടെ 6 ലക്ഷം കോടി രൂപയുടെ
ആസ്തി വില്പനയിൽ നിന്നും
കേന്ദ്ര ഗവൺമെന്റ് പിൻമാറുക...
2021
1
ഹെഡ്പോസ്റ്റോഫീസിനു മുന്നിൽ




India Post
രാജ്യത്തെ വിൽക്കുന്ന മോദി ഭരണം.
ദേശീയ ആസ്തി വിറ്റുതുലയ്ക്കുന്ന
കേന്ദ്ര നടപടിക്കെതിരെ...
തൊഴിലാളി
പ്രതിഷേധം
സെപ്തംബർ 1, 10 am
ഇരിങ്ങാലക്കുട പോസ്റ്റ് ഓഫീസിനു മുമ്പിൽ
AITUC ഇരിങ്ങാലക്കുട മണ്ഡലം


KERALA
SH
59
മേപ്പാടി-ചൂരൽമല
റോഡ്
Meppadi-Chooralmala
Road
AITUC


BSNL
टेलीफोन एक्सचेंज, वलपट्टणम
TELEPHONE EXCHANGE, VALAPATTANAM
AITUC


പൊതുമേഖലകളെ വിൽക്കരുത്.
Monetization Pipe line Project പിൻവലിക്കുക.
AITUC

# ഇന്ദ്രപ്രസ്ഥത്തിലെ വ്യാപാരമേള

**മോ**ദി സർക്കാരിന്റെ ഖജനാവ് കാലിയാണ്. എങ്ങിനെ കാലിയാകാതിരിക്കും? നോട്ട് നിരോധനം, ചരക്ക് സേവന നികുതി ചുമത്തൽ, കോർപ്പറേറ്റ് നികുതി വെട്ടിക്കുറക്കൽ, കിട്ടാക്കടം എഴുതിത്തള്ളൽ തുടങ്ങിയവയെല്ലാം കൂടി നമ്മുടെ സമ്പദ് വ്യവസ്ഥയെ തകർത്തില്ലേ? ആഭ്യന്തര മൊത്ത ഉദ്പാദനം മൂക്കും കുത്തി നിലം പതിച്ചില്ലേ? സർക്കാരിന്റെ വരുമാനം കുത്തനെ കുറഞ്ഞില്ലേ? പണ്ടേ ദുർബ്ബലമായിരുന്ന സമ്പദ് ഘടന കോവിഡ് മഹാമാരിയോടെ തീർത്തും തകർന്നടിഞ്ഞില്ലേ?

സമ്പദ് വ്യവസ്ഥ തകിടം മിറഞ്ഞതോടെ ദൈനംദിന ചിലവുകൾ നേരിടാൻ പോലും കഴിയാതെ സർക്കാർ കടം വാങ്ങാൻ തുടങ്ങി. കടം വാങ്ങിക്കൂട്ടി ഇൻഡ്യ കടക്കെണിയിലായി. ഇൻഡ്യയുടെ ഇന്നത്തെ കടം 79,99,526 കോടി രൂപയാണ്. കഴിഞ്ഞ ഏഴ് വർഷത്തിനിടെ മോദി സർക്കാർ കടം വാങ്ങിയത് 2415077 കോടിയാണ്. ഇതിനിടയിൽ പൊതുമേഖലയുടെ ലാഭം പിടിച്ചുവാങ്ങി. റിസർവ്വ് ബാങ്കിന്റെ കരുതൽ ശേഖരത്തിൽ കയ്യിട്ടു വാരി. എന്നിട്ടും മോദി സർക്കാരിന്റെ ഖജനാവ് കാലിയായി.

തലക്ക് മേൽ കടം കയറുമ്പോൾ ആ കടത്തിൽ നിന്നും കരകയറാൻ ആരായാലും വീട്ടിലെ വിലപിടിപ്പുള്ള വസ്തുക്കൾ വിൽക്കാൻ നോക്കും. അത് തന്നെയാണ് മോദിയും ചെയ്തത്. അങ്ങിനെയാണ് പൊതുമേഖലയുടെ ഓഹരി വിൽക്കാൻ തുടങ്ങിയത്. പക്ഷേ മോദി ഉദ്ദേശിച്ച പോലെ ഓഹരികളൊന്നും വിറ്റു പോകുന്നില്ല. നടപ്പ് വർഷം ഓഹരി വിൽപ്പനയിലൂടെ 214000 കോടിയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. സാമ്പത്തിക വർഷം ഒട്ടു മുക്കാലും പിന്നിട്ടപ്പോഴും ലക്ഷ്യമിട്ടിരുന്നതിന്റെ 5 ശതമാനം മാത്രമേ കൈവരിക്കാനായുള്ളു. കഴിഞ്ഞ വർഷം 2.1 ലക്ഷം കോടിയുടെ ഓഹരി വിൽക്കാൻ തുനിഞ്ഞെങ്കിലും അതിന്റെ 16 ശതമാനം മാത്രമേ വിറ്റഴിഞ്ഞുള്ളൂ.

ഓഹരി വിൽപ്പനയിലൂടെ കാര്യമായി ഒന്നും തടയാത്തതിനാലാവണം വിറ്റഴിക്കാൻ ഇനിയെന്തുണ്ടെന്ന് നോക്കി നടക്കാൻ തുടങ്ങിയത്. അതിനുള്ള ചുമതലയും 'നീതി ആയോഗി'നെത്തന്നെയാണ് ഏൽപ്പിച്ചത്. അവർ കണ്ടുപിടിച്ച പുതിയ മാർഗ്ഗമാണ് 'അസറ്റ് മോണിറ്റൈസേഷൻ' അഥവാ ധനസമാഹരണ പദ്ധതി എന്ന ഓമനപ്പേരിട്ട പുതിയ വിൽപ്പന തന്ത്രം. ഈ വർഷത്തെ ബജറ്റിൽ ആ പദ്ധതി പരാമർശിക്കപ്പെട്ടിരുന്നു. 2021 മുതൽ 2025 വരെയുള്ള അഞ്ച് വർഷക്കാലം കൊണ്ട് 111 ലക്ഷം രൂപ സമാഹരിക്കുക എന്ന ലക്ഷ്യമാണ് ആ പദ്ധതിയിലൂടെ ബജറ്റിൽ വിഭാവനം ചെയ്തിരുന്നത്.

### ഏട്ടിലെ പശു

മുൻകാലങ്ങളിലേപ്പോലെ ഓഹരി വിൽപ്പനയോ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയോ അല്ല പുതിയ ധന സമാഹരണ തന്ത്രമെന്ന് സർക്കാർ പറയുന്നു. സർക്കാരിന്റെ നിക്ഷേപത്തേയും മറ്റ് ആസ്തികളേയും ഒരു നിശ്ചിത കാല നടത്തിപ്പിനായി പാട്ട വ്യവസ്ഥയിൽ വിട്ടു കൊടുക്കുകയെ ഉള്ളു. ഉടമസ്ഥാവകാശം സർക്കാരിൽ തന്നെ നിക്ഷിപ്തമായിരിക്കും. കാലവധി കഴിഞ്ഞാൽ അവയെല്ലാം തിരികെ കിട്ടും. ഇതിലൂടെ സമാഹരിക്കുന്ന പണം അടിസ്ഥാന സൗകര്യ വികസനത്തിനായി വീണ്ടും നിക്ഷേപിക്കും. അങ്ങിനെ ഒരു തരം ചാക്രിക സമ്പ്രദായത്തിലൂടെ സർക്കാരിന്റെ ആസ്തികൾ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കും. മറ്റൊരു തരത്തിൽ പറഞ്ഞാൽ സ്വകാര്യ മേഖലയിലെ മൂലധനവും കാര്യക്ഷമതയും മുതലെടുത്ത് വികസനം ത്വരിതപ്പെടുത്താനായി പൊതുമേഖല നിക്ഷേപ മൂല്യം സ്വകാര്യ മേഖലക്ക് തുറന്ന് കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. അതാണ് സർക്കാർ ഭാഷ്യം. സർക്കാർ വരുമാനം വർദ്ധിക്കും, സാമ്പത്തിക സ്ഥിതി മെച്ചപ്പെടും, പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകും, മെച്ചപ്പെട്ടതും ഗുണനിലവാരവുമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭിക്കും, കൂടുതൽ തൊഴിലവസരങ്ങളുണ്ടാകും എന്നിങ്ങനെ ഈ പദ്ധതിയിലൂടെ രാജ്യത്തെ സാധാരണക്കാരന് നിരവധി പ്രയോജനങ്ങൾ ലഭിക്കുമെന്നാണ് സർക്കാരിന്റെ വാഗ്ദാനം.

കടലാസിലെഴുതി വച്ചിട്ടുള്ളത് വായിക്കുമ്പോൾ ഈ പദ്ധതി ഉദാത്തമെന്നും സാമ്പത്തിക നയത്തിന്റെ പുത്തൻ തത്വങ്ങളെന്നുമെല്ലാം തോന്നിപ്പോകുക സ്വാഭാവികം. എന്നാൽ വാഗ്ദാനം ചെയ്തതിന് നേർവിപരീത ഫലമുണ്ടാക്കിയ നോട്ട് നിരോധനം പോലെ ചിന്താശൂന്യവും ഏകപക്ഷീയവും സൈദ്ധാന്തിക പിൻബലമില്ലാത്തതുമായ ഈ പദ്ധതിയുടെ അന്തിമ ഫലം നിർവചിക്കാനാവാത്ത ദുരന്തമായിരിക്കുമോ എന്ന ആശങ്ക അവശേഷിക്കുന്നു.

'മോണിറ്റൈസേഷൻ', 'അസറ്റ്/കാപ്പിറ്റൽ റീസൈക്ലിംഗ്', 'അസറ്റ് അൺലോക്കിംഗ്' തുടങ്ങി കേൾക്കാനിമ്പമുള്ള പലവിധ വിശേഷണങ്ങൾ ഈ പദ്ധതിക്ക് ചാർത്തിക്കൊടുത്തിട്ടുണ്ടെങ്കിലും പച്ചയായി പറഞ്ഞാൽ ഇത് സർക്കാർ ആസ്തികളുടെ വിൽപ്പന തന്നെയാണ്. രാജ്യത്തിന്റെ സ്വത്ത് വിറ്റ് ഖജനാവിന് വരുമാനമുണ്ടാക്കുന്നതോടൊപ്പം സ്വകാര്യമേഖലയിലെ തന്റെ കോർപ്പറേറ്റ് സുഹൃത്തുക്കൾക്ക് പരമാവധി ലാഭമുണ്ടാക്കിക്കൊടുക്കാനുള്ള മോദി സർക്കാരിന്റെ ഗൂഢ പദ്ധതി തന്നെയാണിത്.

അടിസ്ഥാന സൗകര്യങ്ങളായ റോഡും, റയിലും, തുറമുഖങ്ങളും വൈദ്യുതി നിലയങ്ങളുമെല്ലാം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്. സ്വാതന്ത്ര്യാനന്തര ഭാരതം സൃഷ്ടിച്ച ആ അടിസ്ഥാന സൗകര്യങ്ങളെല്ലാം ധനസമാഹരണത്തിന്റെ പേരിൽ സ്വകാര്യ മേഖലക്ക് കൈമാറുകയാണ്. വിൽപ്പനയുടേയും സ്വകാര്യവൽക്കരണ ത്തിന്റേയും മറ്റൊരു മുഖം തന്നെയാണിത്. നമുക്കാർക്കും സങ്കൽപ്പിക്കാൻ കഴിയാത്ത അഭൂതപൂർവ്വമായ രീതിയിൽ എല്ലാം വിറ്റഴിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു വിൽപ്പന മാമാങ്കം നമ്മുടെ രാജ്യം ഇതിന് മുമ്പ് കണ്ടിട്ടില്ല.

### വിൽപ്പനച്ചരക്കുകളുടെ അനന്ത പട്ടിക

ആസ്തി കൈമാറുന്നതിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ 66 ശതമാനവും റോഡ്, റയിൽ വിൽപ്പനയിലൂടെ ലഭിക്കുമെന്നാണ് സർക്കാർ കണക്ക് കൂട്ടുന്നത്. വൈദ്യുതി ലൈനുകൾ, ഗ്യാസ്-പെട്രോൾ പൈപ്പ് ലൈനുകൾ, ടെലിഫോൺ ടവ്വറുകളും കേബിളുകളും, ഖനികൾ, ഹോട്ടലുകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, സ്റ്റേഡിയങ്ങൾ തുടങ്ങി ഇനിയൊന്നും ബാക്കിയില്ലാത്ത വിധം എല്ലാം വിൽപ്പനക്കായി നിരത്തി വച്ചിരിക്കുകയാണ്.

ദേശീയ പാതകളുടെ 22 ശതമാനം വരുന്ന 26,700 കി.മീ. റോഡു

കൾ അടുത്ത നാലു വർഷങ്ങൾക്കുള്ളിൽ വിൽക്കും. 1.6 ലക്ഷം കോടിയാണ് സർക്കാർ പ്രതീക്ഷിക്കുന്ന വരുമാനം.

റയിൽവേയുടെ കീഴിലുള്ള 400 സ്റ്റേഷനുകൾ, 150 തീവണ്ടികൾ, 1400 കി.മീ. ദൂരത്തിലെ റയിൽ റൂട്ട്, 741 കി.മീ. ദൂരമുള്ള കൊങ്കൻ റയിൽവേ, 265 ഗുഡ്സ് ഷെഡ്ഡുകൾ, 15 റയിൽ-വേ സ്റ്റേഡിയങ്ങൾ, ഡാർജിലിംഗിലെ പൈതൃക റയിൽവേ അടക്കം നാല് മലയോര റയിലുകൾ എന്നിവയാണ് ധനസമ്പാദനത്തിനായി കൈമാറുന്നത്. 1.5 ലക്ഷം കോടിയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

പവർ ഗ്രിഡ് കോർപ്പറേഷന്റെ 400 കെ.വി.യും അതിന് മുകളിലുമുള്ള 28608 സർക്യൂട്ട് കി.മീ. വൈദ്യുതി പ്രസരണ ലൈനുകൾ ലേലം ചെയ്യും. ചുരുങ്ങിയത് 0.5 ലക്ഷം കോടി ഇതിലൂടെ ലഭിക്കുമെന്നാണ് സർക്കാർ കരുതുന്നത്.

ഊർജ്ജോൽപ്പാദന രംഗത്തുള്ള നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപ്പറേഷൻ, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ, സത്‌ലജ് ജൽ വൈദ്യുത് നിഗം ലിമിറ്റഡ്, നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണ് വിൽക്കുവാൻ പോകുന്നത്. 0.4 ലക്ഷം കോടി ലഭിക്കുമെന്ന് കണക്ക് കൂട്ടുന്നു.

നിലവിലുള്ള പ്രകൃതി വാതക പൈപ്പ് ലൈനിൽ നിന്നും 7928 കി.മീ. ഗ്യാസ് പൈപ്പ് ലൈനും ഈ സാമ്പത്തിക വർഷം ഇനി കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന മറ്റ് പ്രകൃതി വാതക പൈപ്പ് ലൈനുകളും ലേലത്തിന് വച്ചിട്ടുണ്ട്. ഇതിൽ ദാഭോൽ-ബംഗളൂരു പൈപ്പ് ലൈനും ദഹേജ്റാൻ-പനവേൽ-ദാഭോൽ പൈപ്പ് ലൈനും ഈ വർഷം തന്നെ വിൽക്കും. 0.2 ലക്ഷം കോടി സമാഹരിക്കാനാവുമെന്നാണ് വിലയിരുത്തുന്നത്.

പെട്രോളിയം മേഖലയിലെ ആസ്തി വിൽപ്പനയിലൂടെ മറ്റൊരു 0.2 ലക്ഷം കോടി രൂപ നേടാനാവുമെന്ന് സർക്കാർ വിലയിരുത്തുന്നു. ഇതിൽ 733 കി.മീ നീളത്തിലെ എൽ.പി.ജി. പൈപ്പ് ലൈനും 3196 കി.മീ നീളമുള്ള പെട്രോൾ പൈപ്പ് ലൈനും രണ്ട് ഹൈഡ്രജൻ ഉദ്പാദന പ്ലാന്റുകളും സൾഫർ റിക്കവറി യൂണിറ്റും ഉൾപ്പെടും.

രാജ്യ തലസ്ഥാനത്തുള്ള സരോജിനി നഗർ, നവ്റോജി നഗർ, നേതാജി നഗർ, ശ്രീനിവാസപുരി, ത്യാഗരാജ നഗർ, മുഹമ്മദ്പൂർ, കസ്തൂർബ നഗർ എന്നീ ഹൗസിംഗ് കോളനികളാണ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലേലം ചെയ്യാൻ പോകുന്നത്. ടൂറിസം വികസന കോർപ്പറേഷന് കീഴിലുള്ള എട്ട് ഹോട്ടലുകളും ദീർഘകാല പാട്ടക്കരാർ വഴി പരിപാലിക്കുവാൻ കൈമാറുന്നുണ്ട്. പുതുച്ചേരിയിലെ ഹോട്ടൽ പോണ്ടിച്ചേരി, ഭുവനേശ്വറിലെ ഹോട്ടൽ കലിംഗ, റാഞ്ചിയിലെ ഹോട്ടൽ റാഞ്ചി, പുരിയിലെ ഹോട്ടൽ നിലാചൽ, രൂപ് നഗറിലെ ഹോട്ടൽ ആനന്ദ്പൂർ സാഹിബ്, ന്യൂഡൽഹിയിലെ ഹോട്ടൽ സാമ്രാട്ട്, ഹോട്ടൽ അശോക, ജമ്മുവിലെ ഹോട്ടൽ അശോക ജമ്മു എന്നീ ഹോട്ടലുകളാണ് ഇപ്രകാരം കൈമാറുന്നത്. 0.2 ലക്ഷം കോടി രൂപയാണ് ഈയിനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം.

ടെലികോം ആസ്തികളിൽ 0.4 ലക്ഷം കോടി രൂപയുടെ മൂല്യം കണക്കാക്കുന്ന ഭാരത്നെറ്റിന് കീഴിലുള്ള ബി.ബി.എൻ.എൽ., ബി.എസ്.എൻ.എൽ. എന്നിവയുടെ 286000 കി.മീ. ദൈർഘ്യമുള്ള ഓപ്റ്റിക്കൽ ഫൈബർ കേബിൾ, ബി.എസ്.എൻ.എല്ലിന്റെ 13567 മൊബൈൽ ടവ്വറുകൾ, എം.ടി.എൻ.എല്ലിന്റെ 1350 ടവ്വറുകൾ എന്നിവയാണ് വിൽക്കുവാൻ ഉദ്ദേശിക്കുന്നത്.

ഫുഡ് കോർപ്പറേഷൻ വക 12.3 ദശലക്ഷം ടൺ ധാന്യങ്ങൾ സൂക്ഷിക്കാൻ കഴിയുന്ന ഗോഡൗണുകളും സെൻട്രൽ വെയർഹ്സിംഗ് കോർപ്പറേഷന്റെ 11 ദശലക്ഷം ടൺ ശേഷിയുള്ള ഗോഡൗണുകളും വിറ്റ് 0.3 ലക്ഷം കോടി രൂപ നേടാൻ പോകുന്നു.

ധനസമ്പാദനത്തിനായി 160 കൽക്കരി ഖനികളുടെ ആസ്തികൾ വിൽക്കും. ഈ വർഷം 761 മിനറൽ ബ്ലോക്കുകൾ ലേലം ചെയ്യും 551 ബ്ലോക്കുകൾ അടുത്ത മൂന്ന് വർഷങ്ങൾക്കുള്ളിലായിരിക്കും ലേലം ചെയ്യുക. ആകെ 0.30 ലക്ഷം കോടിയുടെ വിറ്റ് വരവ് പ്രതീക്ഷിക്കുന്നു.

വാരാണസി, ഉദയപൂർ, ഡെറാഡൂൺ, ഇൻഡോർ, റാഞ്ചി, കോയമ്പത്തൂർ, ജോധ്പൂർ, വഡോദര, പറ്റ്ന, വിജയവാഡ, ചെന്നൈ, നാഗ്പൂർ, ഭുവനേശ്വർ, അമൃത്സർ, റായ്പൂർ, ട്രിച്ചി, കോഴിക്കോട്, മധുര തുടങ്ങി 25 വിമാനത്താവളങ്ങൾ കൂടി വിറ്റ് 0.2 ലക്ഷം കോടി രൂപ സമ്പാദിക്കും.

തുറമുഖങ്ങളും കപ്പൽ ഗതാഗതവുമായി ബന്ധപ്പെട്ട 31 ആസ്തികളാണ് വിൽക്കാനുദ്ദേശിക്കുന്നത്. ഇതിൽ ഒമ്പത് പ്രമുഖ തുറമുഖങ്ങളും ഉൾപ്പെടുന്നു. ചുരുങ്ങിയത് ഒരു ലക്ഷം കോടിയെങ്കിലും ലഭിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

സ്പോർട്ട്സ് അതോറിട്ടി ഓഫ് ഇൻഡ്യയുടെ കൈവശമുള്ള ജവഹർലാൽ നെഹ്റു സ്റ്റേഡിയമടക്കം രണ്ട് സ്റ്റേഡിയങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരു ലക്ഷം കോടി മൂല്യം നിർണ്ണയിച്ച് ലേലം ചെയ്യും.

## ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ

മോദി സർക്കാരിന്റെ ഈ വിൽപ്പന മാമാങ്കം നിരവധി ചോദ്യങ്ങൾ ഉയർത്തുന്നു. അതിലേറ്റവും പ്രധാനം രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് പടുത്തുയർത്തിയ ഈ ആസ്തികൾ അഞ്ചുവർഷക്കാലം രാജ്യം ഭരിക്കാൻ അനുവാദം സിദ്ധിച്ച ഒരു സർക്കാരിന് വിറ്റുതുലക്കാനുള്ള അധികാരമുണ്ടോ എന്ന് തന്നെയാണ്. ഈ സംരഭത്തിന്റെ ദർശനവും, ദൗത്യവും ലക്ഷ്യങ്ങളും രാജ്യത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുമോ?

ഇതിലൂടെ രാജ്യം സുസ്ഥിര വികസന ലക്ഷ്യപ്രാപ്തി കൈവരിക്കുമോ? സ്വകാര്യ മേഖലയുടെ അമിതമായ ചൂഷണത്തിന് രാജ്യത്തെ ജനങ്ങൾ വിധേയരാകില്ലേ? പൂർണ്ണ ഉടമസ്ഥത ലഭിക്കാതെ ഏതെങ്കിലും സ്വകാര്യ മുതലാളി ആസ്തികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നിക്ഷേപം നടത്തുമോ? പാട്ടക്കരാറെടുത്ത സ്വകാര്യ കുത്തകകൾ അതിരു വിട്ടാൽ നിയന്ത്രിക്കാൻ സർക്കാരിന് കഴിയുമോ? പാട്ടത്തിന് കൈമാറുന്ന ആസ്തികൾ പാട്ടക്കാലാവധിക്ക് ശേഷം തിരികെ ലഭിക്കുമെന്നതിന് എന്താണുറപ്പ്? പാട്ടക്കരാറിലേർപ്പെടുന്ന സ്വകാര്യ കുത്തകകളും കമ്പനികളും ആസ്തികളുടെ രക്തം പരമാവധി ഊറ്റിക്കുടിച്ച ശേഷമുള്ള ചണ്ടിയായിരിക്കില്ലേ തിരികെ സർക്കാരിന് നൽകുക? അങ്ങിനെ കിട്ടുന്ന ആസ്തികൾ കൊണ്ട് രാജ്യത്തിന് എന്താണ് പ്രയോജനം? അത്തരം ആസ്തികളുടെ പുനഃരുദ്ധാരണത്തിന് മറ്റ് ആസ്തികൾ വിൽക്കേണ്ടി വരുമോ? ഇത്തരം 'കറവ വറ്റിയ' ആസ്തികൾ വരും തലമുറക്ക് കൈമാറുന്നത് ഭൂഷണമാണോ? വ്യക്തമായ ഉത്തരം കിട്ടാത്ത ഇത്തരം നിരവധി ചോദ്യങ്ങൾ അവശേഷിക്കുന്നു.

എന്നാൽ വ്യക്തമാകുന്ന ചില ചിത്രങ്ങളുണ്ട്. ക്ഷേമ രാഷ്ട്രം എന്ന സങ്കൽപ്പത്തിന്റെ മങ്ങുന്ന ചിത്രം. സ്വകാര്യവൽക്കരണം അതിന്റെ മൂർത്തിമത്ഭാവത്തിൽ പ്രത്യക്ഷപ്പെടുന്ന ചിത്രം. മാന്യമായ തൊഴിൽ സാഹചര്യങ്ങളും സാമൂഹ്യ സുരക്ഷയും ജനാധിപത്യ അവകാശങ്ങളും ബലിയർപ്പിക്കപ്പെടുന്ന ദാരുണ ചിത്രം. ദശലക്ഷക്കണക്കായ അടിമത്തൊഴിലാളികളുടെ ദയനീയ ചിത്രം. എല്ലാറ്റിനുപരി ചങ്ങാത്ത മുതലാളിത്തവും ഫാസിസവും ഒത്തു ചേർന്ന ബി.ജെ.പി-ആർ.എസ്.എസ്സ് ഭരണകൂടത്തിന്റെ ബീഭത്സ ചിത്രം.

# കർഷക സമരത്തിന്റെ കനൽവഴികൾ

**മോ**ദി സർക്കാരിന്റെ മൂന്ന് കാർഷിക നിയമങ്ങൾ പാർലമെന്റ് പാസ്സാക്കിയിട്ട് ഇക്കഴിഞ്ഞ സെപ്റ്റംബർ 20-ന് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഈ കരിനിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് രാജ്യത്തെ കർഷകർ ആരംഭിച്ച സമരം വരുന്ന നവംബർ 25 ആകുമ്പോൾ ഒരു വർഷം പൂർത്തിയാകും. സ്വതന്ത്ര ഇൻഡ്യ കണ്ട അഭൂതപൂർവ്വവും സംഭവ ബഹുലവുമായ ആ ഐതിഹാസിക സമരത്തിന്റെ നാൾ വഴികൾ

## 2020

**ജൂൺ 05:** കാർഷികോൽപ്പന്ന വ്യാപര-വാണിജ്യ (പ്രോത്സാഹനവും സൗകര്യമൊരുക്കലും) ബിൽ, കർഷക ശാക്തീകരണ സംരക്ഷണ ബിൽ, അവശ്യവസ്തു നിയമ ഭേദഗതി ബിൽ എന്നീ മൂന്ന് നിയമങ്ങൾ കേന്ദ്ര മന്ത്രി സഭ പാസ്സാക്കി ഓർഡിനൻസ് പുറപ്പെടുവിക്കുന്നു.

**സെപ്റ്റംബർ 14:** ഓർഡിനൻസുകൾക്ക് പകരമായ ബില്ലുകൾ പാർലമെന്റിൽ അവതരിപ്പിക്കുന്നു.

**സെപ്റ്റംബർ 17:** ബില്ലുകൾ ലോക്സഭ പാസ്സാക്കുന്നു

**സെപ്റ്റംബർ 20:** ബില്ലുകൾ രാജ്യസഭ ശബ്ദവോട്ടോടെ പാസ്സാക്കുന്നു.

**സെപ്റ്റംബർ 24:** പഞ്ചാബിലെ കർഷക സംഘടനകൾ മൂന്ന് ദിവസത്തെ റയിൽ റോക്കോ പ്രഖ്യാപിക്കുന്നു.

**സെപ്റ്റംബർ 27:** പാർലമെന്റ് പാസ്സാക്കിയ ബില്ലുകൾക്ക് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നു.

**നവംബർ 03:** കർഷക നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കർഷകസംഘടനകളുടെ ആഭിമുഖ്യത്തിൽ ദേശ വ്യാപക റോഡ് ഉപരോധം സംഘടിപ്പിക്കുന്നു

**നവംബർ 25:** പഞ്ചാബിലേയും ഹരിയാനയിലെയും കർഷക സംഘടനകൾ രാജ്യതലസ്ഥാനത്തേക്ക് പ്രതിഷേധ മാർച്ച് (ദൽഹി ചലോ) നടത്താൻ തീരുമാനിക്കുന്നു. തലസ്ഥാനത്ത് മാർച്ച് നടത്താനുള്ള അനുമതി ദൽഹി പോലീസ് നിഷേധിക്കുന്നു.

**നവംബർ 26:** മാർച്ചുമായി മുന്നേറിയ കർഷകരെ ഹരിയാന അതിർത്തിയിൽ വച്ച് പോലീസ് തടയുന്നു. ടീയർ ഗ്യാസും ജലപീരങ്കിയുമുപയോഗിച്ച് പോലീസ് കർഷകരെ നേരിടുന്നു. പിന്നീട് കർഷക മാർച്ചിനെ ദൽഹി യിലേക്ക് പ്രവേശിക്കാനും നിരങ്കാരി മൈതാനത്ത് സമാധനപരമായ പ്രതിഷേധസമരം നടത്താനും അനുവദിക്കുന്നു. കർഷകർ ദൽഹി അതിർത്തിയിൽ തമ്പടിച്ച് സമരം തുടരുന്നു.

**നവംബർ 28:** ദൽഹി അതിർത്തിയിൽ നിന്ന് സമരം ബുരാരിയിലെക്ക് മാറ്റിയാൽ കർഷകരുമായി ചർച്ചക്ക് സന്നദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമീത് ഷാ പ്രഖ്യാപിക്കുന്നു. ജന്തർ മന്തറിൽ സമരം തുടരാൻ അനുവദിക്കണമെന്ന നിലപാടിൽ ഉറച്ച് നിന്ന കർഷകർ അമീത് ഷായുടെ നിർദ്ദേശം തള്ളുന്നു.

**ഡിസംബർ 03:** കർഷകരുമായി സർക്കാർ ആദ്യവട്ട ചർച്ചകൾ നടത്തുന്നു. ചർച്ച അലസിപ്പിരിയുന്നു.

**ഡിസംബർ 05:** കർഷകരുമായി സർക്കാർ രണ്ടാം വട്ട ചർച്ചകൾ നടത്തുന്നു. തീരുമാനമാകാതെ പിരിയുന്നു.

**ഡിസംബർ 08:** കർഷക സംഘടനകളുടെ ആഹ്വാന പ്രകാരം ഭാരത് ബന്ദ്. മറ്റ് സംസ്ഥാനങ്ങളിലെ കർഷക സംഘടനളും സമരത്തിൽ പങ്ക് ചേരുന്നു.

**ഡിസംബർ 09:** കാർഷിക നിയമങ്ങൾ ഭേദഗതി വരുത്താമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം കർഷക സംഘടന കൾ തള്ളിക്കളയുന്നു. നിയമങ്ങൾ പിൻവലിക്കാതെ സമരം അവസാനിപ്പിക്കില്ലന്ന് പ്രഖ്യാപിക്കുന്നു.

**ഡിസംബർ 11:** കാർഷിക നിയമങ്ങൾക്കെതിരേ ഭാരതീയ കിസാൻ യൂണിയൻ സുപ്രീം കോടതിയെ സമീപിക്കുന്നു.

**ഡിസംബർ 16:** പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന്റേയും കർഷകരുടേയും പ്രതിനിധികൾ അടങ്ങിയ ഒരു സമിതിയെ നിയമിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

**ഡിസംബർ 21:** കർഷകർ ഒരു ദിവസത്തെ ഉപവാസ സമരം നടത്തുന്നു

**ഡിസംബർ 30:** കർഷക സംഘടനകളുമായി സർക്കാർ നടത്തിയ ആറാം വട്ട ചർച്ചകളിൽ വയ്ക്കോൽ കത്തി ക്കുന്നതിനെതിരേയുള്ള പിഴ പിൻവലിക്കാമെന്നും നിർദ്ദിഷ്ട വൈദ്യുതി ഭേദഗതി ബില്ലിലെ കർഷകർക്കെതിരായ വ്യവസ്ഥകൾ പിൻവലിക്കാമെന്നും നിർദ്ദേശിക്കുന്നു. ചർച്ച തീരുമാനമാകാതെ പിരിയുന്നു.

## 2021

**ജനുവരി 04:** സംഘടനകളുമായി സർക്കാർ നടത്തിയ ഏഴാം വട്ട ചർച്ചയും തീരുമാനമാകാതെ പിരിയുന്നു.

**ജനുവരി 12:** പാർലമെന്റ് പാസ്സാക്കിയ കാർഷിക നിയമങ്ങൾ നടപ്പാക്കുന്നത് സുപ്രീം കോടതി താത്ക്കാലി കമായി തടയുന്നു. പ്രശ്നങ്ങൾ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് യുക്തമായ ശുപാർശകൾ നൽകാൻ നാലംഗ സമിതിയേയും കോടതി നിയമിക്കുന്നു.

**ജനുവരി 26:** കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റിപ്പബ്ലിക് ദിനത്തിൽ കർഷകർ ദൽഹിയിൽ ട്രാക്ടർ പരേഡ് നടത്തുന്നു പല സ്ഥലങ്ങളിലും പോലീസും കർഷകരും തമ്മിൽ സംഘർഷം. സംഘർഷത്തിനിടയിൽ ഒരു കർഷകൻ മരിക്കുന്നു. ട്രാക്ടർ റാലിക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് സംസ്ഥാന ങ്ങളിൽ ട്രാക്ടർ റാലികൾ.

**ജനുവരി 28:** ഗാസിപൂർ അതിർത്തിയിൽ സമരം ചെയ്യുന്ന കർഷകർ പിരിഞ്ഞു പോകണമെന്ന് ഉത്തർപ്രദേശ് സർക്കാർ ഉത്തരവിടുന്നു. വൈകുന്നേരത്തോടെ സംഘർഷം മൂർച്ഛിക്കുന്നു. എന്നാൽ കർഷകർ ഒഴി

ഞ്ഞു പോകാൻ കൂട്ടാക്കാതെ അതിർത്തിൽ തുടരുന്നു. പോലീസ് പിന്മാറുന്നു.

**ഫെബ്രുവരി 03:** സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് സംയുക്ത ട്രേഡ് യൂണിയൻ സമര സമിതിയുടെ നേതൃത്വത്തിൽ കേരളത്തിൽ കേന്ദ്ര സർക്കാർ ഓഫീസുകൾക്ക് മുന്നിൽ പ്രതിഷേധ പ്രകടനം

**ഫെബ്രുവരി 04:** കർഷക സമരത്തെ പിന്തുണച്ച് കൊണ്ട് പ്രമുഖരുടെ പ്രസ്താവനകളെ കേന്ദ്ര സർക്കാർ അപലപിക്കുന്നു. അമേരിക്കൻ വൈസ് പ്രസിഡന്റ് കമല ഹാരിസ്, പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ തുംബെർഗ്, പോപ്പ് ഗായിക റിഹന്ന എന്നിവർ കർഷക സമരത്തെ പിന്തുണച്ച് പ്രസ്താവന പുറപ്പെടുവിച്ച പ്രമുഖരിൽ ഉൾപ്പെടുന്നു.

**ഫെബ്രുവരി 05:** കർഷക സമരത്തിന് പിന്തുണ നൽകിയ "ടൂൾകിറ്റ്" നിർമ്മാതാക്കൾക്കെതിരേ രാജ്യദ്രോഹം, ഗൂഢാലോചന, വിദ്വേഷ പ്രചരണം എന്നീ കുറ്റങ്ങൾ ചുമത്തി കേസെടുക്കുന്നു.

**ഫെബ്രുവരി 06:** കർഷക സംഘടനകളുടെ ആഹ്വാന പ്രകാരം ദേശവ്യാപകമായി റോഡ് ഉപരോധം (ചക്കാ ജാം) സംഘടിപ്പിക്കുന്നു.

**ഫെബ്രുവരി 14:** "ടൂൾകിറ്റ്" എഡിറ്റു ചെയ്തുവെന്നാരോപിച്ച് പരിസ്ഥിതി പ്രവർത്തക ദിഷ രവിയെ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലടക്കുന്നു.

**ഫെബ്രുവരി 18:** സംയുക്ത കിസാൻ മോർച്ച രാജ്യവ്യാപക 'റയിൽ രോക്കോ' സമരം സംഘടിപ്പിക്കുന്നു. രാജ്യ വ്യാപകമായി നിരവധി ട്രയിനുകൾ റദ്ദ് ചെയ്തു. റയിൽ ഗതാഗതം മിക്കയിടങ്ങളിലും സ്തംഭിച്ചു.

**മാർച്ച് 05:** കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം പഞ്ചാബ് നിയമസഭ അംഗീകരിക്കുന്നു.

**മാർച്ച് 06:** സമരം 100 ദിനങ്ങൾ പിന്നിടുന്നു.

**ഏപ്രിൽ 15:** കർഷക സമരം ഒത്തുതീർപ്പാക്കാനാവശ്യപ്പെട്ട് ഹരിയാന ഡപ്യൂട്ടി മുഖ്യമന്ത്രി ദുഷ്യന്ത് ചൗട്ടാല പ്രധാനമന്ത്രിക്ക് കത്തെഴുതുന്നു.

**മേയ് 26:** കർഷക സമരം ആറുമാസം പിന്നിടുന്നു. കർഷകർ കരിദിനം ആചരിക്കുന്നു. എ.ഐ.ടി.യു.സി.യുടെ നേതൃത്വത്തിൽ കേരളത്തിലും കരിദിനാചരണം.

**ജൂൺ 05:** കർഷക നിയമങ്ങൾ ഓർഡിനൻസായി പുറപ്പെടുവിച്ചിട്ട് ഒരു വർഷം തികയുന്നതിനോടനുബന്ധിച്ച് കർഷകർ "സമ്പൂർണ്ണ ക്രാന്തികാർ ദിവസ്" (സമ്പൂർണ്ണ വിപ്ലവ ദിനം) ആചരിക്കുന്നു.

**ജൂൺ 26:** കർഷക സമരം ഏഴ് മാസം പിന്നിടുന്ന വേളയിൽ സംയുക്ത കിസാൻ മോർച്ചയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ സമരം. ഹരിയാന, പഞ്ചാബ്, കർണാടക, ഉത്തരാഖണ്ഡ്, മദ്ധ്യപ്രദേശ്, തെലുങ്കാന എന്നിവിടങ്ങളിൽ നിരവധി കർഷകരെ പോലീസ് അറസ്റ്റ് ചെയ്യുന്നു.

**ജൂൺ 29:** സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് കേരളത്തിൽ സംയുക്ത ട്രേഡ് യൂണിയൻ സമര സമിതി യുടെ നേതൃത്വത്തിൽ പ്രതിഷേധം

**ജൂലൈ 21:** 200 കർഷക പ്രതിനിധികൾ സമാന്തര വർഷകാല പാർലമെന്റ് സമ്മേളനം പാർലമെന്റ് മന്ദിരത്തിന് സമീപം സംഘടിപ്പിക്കുന്നു.

**ആഗസ്റ്റ് 07:** പതിനാല് പ്രതിപക്ഷ പാർട്ടി നേതാക്കൾ സമാന്തര പാർലമെന്റിൽ പങ്കെടുത്ത് സംസാരിക്കുന്നു. കർഷക സമരത്തിന് പരിപൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നു.

**ആഗസ്റ്റ് 09:** സംയുക്ത സമര സമിതിയുടെ ആഭിമുഖ്യത്തിൽ "സേവ് ഇൻഡ്യ" ദിനാചരണം. കർഷക സംഘടനകളുടെ നേതൃത്വത്തിൽ "കർഷകരെ രക്ഷിക്കൂ-ഇൻഡ്യയെ രക്ഷിക്കൂ" എന്ന മുദ്രാവാക്യമുയർത്തി കിറ്റ് ഇൻഡ്യാ ദിനാചരണം. കേരളത്തിൽ എ.ഐ.ടി.യു.സി.യുടെ നേതൃത്വത്തിൽ 'സേവ് ഇൻഡ്യാ' ദിനാചരണം.

**ആഗസ്റ്റ് 26,** 27: സംയുക്ത കിസാൻ മോർച്ച സംഘടിപ്പിച്ച കർഷക-തൊഴിലാളി-ബഹുജന പ്രസ്ഥാനങ്ങളുടെ ദേശീയ കൺവെൻഷൻ ദൽഹിയിലെ സിംഗു അതിർത്തിയിൽ

**ആഗസ്റ്റ് 28:** ഹരിയാനയിലെ കർണ്ണാലിൽ മുഖ്യമന്ത്രി മനോഹർ ലാർ ഖട്ടാർ പങ്കെടുക്കുന്ന യോഗത്തിൽ പ്രതിഷേധവുമായി എത്തിയ കർഷകർക്ക് നേരേ പോലീസ് നടത്തിയ ലാത്തി ചാർജിൽ നിരവധി പേർക്ക് പരിക്ക് പറ്റുന്നു. കർഷകരുടെ തല തല്ലിപ്പൊളിക്കാൻ ആഹ്വാനം ചെയ്ത സബ് ഡിവിഷണൽ മജിസ്ട്രേറ്റിനേയും ലാത്തിചാർജ് ചെയ്ത പോലീസുകാർക്കുമെതിരേ നടപടി ആവശ്യപ്പെട്ട് കർഷകർ പ്രതിഷേധിക്കുന്നു.

**സെപ്റ്റംബർ 05:** ഉത്തർ പ്രദേശിലെ മുസഫർപൂരിൽ കർഷക മഹാപഞ്ചായത്ത് ചേരുന്നു. അടുത്ത വർഷം നടക്കുന്ന സംസ്ഥാന നിയമസഭ തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ ബി.ജെ.പി.യെ പരാജയപ്പെടുത്താൻ പഞ്ചായത്ത് ആഹ്വാനം ചെയ്യുന്നു. സെപ്റ്റംബർ 27-ന് ഭാരത് ബന്ദ് നടത്താനും ആഹ്വാനം.

**സെപ്റ്റംബർ 07:** ആഗസ്റ്റ് 28-ന് നടന്ന ലാത്തിചാർജിൽ പരിക്കേറ്റ് ആസ്പത്രിയിലാകുകയും പിന്നീട് മരണമടയുകയും ചെയ്ത് സുശീൽ കാജലിന്റെ കുടുംബത്തിന് 25 ലക്ഷം നഷ്ടപരിഹാരം നൽകുക, കുടുംബ ത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകുക, ലാത്തിചാർജിൽ പരിക്കു പറ്റിയവർക്ക് രണ്ട് ലക്ഷം നഷ്ട പരിഹാരം നൽകുക, ലാത്തിചാർജ്ജിനുത്തരവാദികളായ സബ്ഡിവിഷണൽ മജിസ്ട്രേറ്റിനെതിരേയും പോലീസു കാർക്കെതിരേയും നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കർഷകർ കർണാൽ മിനി സെക്രട്ടേറിയറ്റ് ഉപരോധം ആരംഭിക്കുന്നു.

**സെപ്റ്റംബർ 11:** ഹരിയാന ലാത്തിചാർജിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് സർക്കാർ സമ്മതിച്ചതിനെത്തുടർന്ന് കർഷകർ ഉപരോധം പിൻവലിക്കുന്നു.

**സെപ്റ്റംബർ 17:** കേരളത്തിൽ എ.ഐ.ടി.യു.സി., അഖിലേന്ത്യാ കിസാൻ സഭ, ഭാരതീയ കിസാൻ മസ്ദൂർ യൂണിയൻ എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 27-ന്റെ ഭാരത് ബന്ദ് വിജയിപ്പിക്കാ നാഹ്വാനം ചെയ്തു കൊണ്ടുള്ള ബഹുജന കൂട്ടായ്മ.

**സെപ്റ്റംബർ 22:** ഭാരത് ബന്ദിന്റെ പ്രചരണാർത്ഥം കേരളത്തിൽ സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ ആഭിമുഖ്യത്തിൽ പന്തം കൊളുത്തി പ്രകടനം.

**സെപ്റ്റംബർ 27:** ഭാരത് ബന്ദ്. കേരളത്തിൽ രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ ഹർത്താൽ.

**ഭാരത് ബന്ദിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എ.ഐ.ടി.യു.സി., എ.ഐ.കെ.എസ്., ബി.കെ.എം.യു. എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഐക്യദാർഢ്യ സദസ്സ്**









കർഷകദ്രോഹ നിയമങ്ങൾ പിൻവലിക്കുക
ഭാരത് ബന്ദ്
ബഹുജനകൂട്ടായ്മ
AIKS|BKMU|AITUC
ഉദ്ഘാടനം:
അഡ്വ. വി. ബി. ബിനു


ഭാരത് ബന്ദ്


സത്യാഗ്രഹം


ദേശീയ

# സാമൂഹ്യ സുരക്ഷയില്ലാത്ത ലോകം

**കോ**വിഡ് മഹാമാരിയുടെ ഈ ക്കാലത്ത് ഒരു വിധ സാമൂഹ്യ സുരക്ഷയും ലഭിക്കാത്ത 400 കോടി ജനങ്ങളുണ്ടെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന(ഐ.എൽ.ഒ)യുടെ സർവ്വേ വെളിപ്പെടുത്തുന്നു. ഐ.എൽ.ഒ. പ്രസിദ്ധീകരിച്ച "ആഗോള സാമൂഹ്യ സുരക്ഷ റിപ്പോർട്ട്, 2020–2022 – സാമൂഹ്യ സംരക്ഷണ രംഗത്തെ വഴിത്തിരിവുകൾ" എന്ന റിപ്പോർട്ടാണ് പരിതാപകരമായ ഈ ദുരവസ്ഥയുടെ ചിത്രം വരച്ചു കാട്ടുന്നത്.

കോവിഡ് മഹാമാരിയോട് ലോകമെമ്പാടുമുള്ള മിക്ക ഭരണാധികാരികളുടേയും പ്രതികരണം അസമവും അപര്യാപ്തവുമായിരുന്നുവെന്ന് റിപ്പോർട്ട് കുറ്റപ്പെടുത്തുന്നു. ദരിദ്ര രാഷ്ട്രങ്ങളും സമ്പന്ന രാഷ്ട്രങ്ങളും തമ്മിലുള്ള അസമത്വം വല്ലാതെ വർദ്ധിച്ചു. അത് കാരണം അർഹരായ ജനങ്ങൾക്ക് ലഭിക്കേണ്ട പരിരക്ഷ നൽകാനായില്ല. സാമൂഹ്യ സുരക്ഷ എന്നാൽ ആരോഗ്യ സുരക്ഷ, തൊഴിൽ നഷ്ടത്തിന് പകരമുള്ള സാമ്പത്തിക സഹായം, വാർദ്ധക്യമോ ശാരീരിക പരിമിതികൾ കാരണമോ തൊഴിലെടുക്കാൻ കഴിയാത്ത വർക്കുള്ള സഹായം, കുട്ടികളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സഹായം എന്നിവയാണ്.

"മിക്ക രാഷ്ട്രങ്ങളും ഇന്നൊരു വഴിത്തിരിവിലാണ്. പുതിയ അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾക്കും സംവിധാനങ്ങൾക്കും രൂപം നൽകാൻ മഹാമാരിയുടെ ഈക്കാലം നാം പ്രയോജനപ്പെടുത്തണം. അത് ഭാവിയിൽ ഉണ്ടായേക്കാവുന്ന ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാൻ സഹായിക്കും. അത് തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ഒരു പോലെ പ്രതീക്ഷയും ആത്മവിശ്വാസവും നൽകും. സമഗ്രവും ഫലപ്രദവുമായ സാമൂഹിക പരിരക്ഷ പദ്ധതികൾ സാമൂഹിക നീതി ഉറപ്പ് വരുത്തുമെന്ന് മാത്രമല്ല സുസ്ഥിരമായ വികസനത്തിന് അനിവാര്യമാണെന്നും നാം തിരിച്ചറിയണം" – റിപ്പോർട്ട് പ്രകാശനം ചെയ്തു കൊണ്ട് ഐ.എൽ.ഒ.യുടെ ഡയറക്ടർ ജനറൽ ഗൈ റൈഡർ പറയുകയുണ്ടായി.

വിവിധ രാജ്യങ്ങളിൽ നിലനിൽക്കുന്ന സാമൂഹ്യ സുരക്ഷ പദ്ധതികളെക്കുറിച്ചും കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സുരക്ഷ പദ്ധതികളിലെ പോരായ്മകളെക്കുറിച്ചും റിപ്പോർട്ട് അവലോകനം ചെയ്യുന്നു. അതോടൊപ്പം നയപരമായ കാര്യങ്ങളിൽ രാഷ്ട്രങ്ങൾ കൈക്കൊള്ളേണ്ട നടപടികളും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

ആഗോള ജനസംഖ്യയുടെ 53 ശതമാനത്തിനും ഒരു തരത്തിലുള്ള സാമൂഹ്യ സുരക്ഷയും ലഭിക്കുന്നില്ല. യൂറോപ്പിലും മദ്ധേഷ്യൻ രാജ്യങ്ങളിലേയും 84 ശതമാനം ജനങ്ങളും സാമൂഹ്യ സുരക്ഷ പദ്ധതികളുടെ ഗുണഭോക്താക്കളാണെങ്കിൽ ആഫ്രിക്കൻ രാജ്യങ്ങളിലെ സ്ഥിതി അത്യന്തം ദയനീയമാണ്. അവിടങ്ങളിൽ കേവലം 17.4 ശതമാനത്തിന് മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള സുരക്ഷ ലഭിക്കുന്നത്. 82.6 ശതമാനവും ഒരുവിധ സുരക്ഷ പദ്ധതികളുടേയും പരിധിയിലില്ല. സാമൂഹ്യ സുരക്ഷ പദ്ധതികളുടെ കാര്യത്തിൽ അമേരിക്ക ആഗോള ശരാശരിക്ക് തൊട്ടു മുകളിലാണ്. ഏഷ്യ–പസഫിക് രാജ്യങ്ങളിൽ 56 ശതമാന ജനങ്ങളും അറബ് രാഷ്ട്രങ്ങളിൽ 60 ശതമാനം ജനങ്ങളും സാമൂഹ്യ സുരക്ഷ പദ്ധതികൾക്ക് പുറത്താണ്.

ആഗോള തലത്തിൽ ബഹുഭൂരിപക്ഷം കുട്ടികൾക്കും ഫലപ്രദമായ സാമൂഹ്യ സുരക്ഷ ലഭ്യമല്ല. കേവലം 26.4 ശതമാനം കുട്ടികൾക്ക് മാത്രമേ ഏതെങ്കിലും തരത്തിലുള്ള സുരക്ഷാനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ. 55 ശതമാനം സ്ത്രീകൾക്ക് പ്രസവാനുകൂല്യങ്ങൾ കിട്ടുന്നില്ല. അംഗവൈകല്യമോ ഭിന്നശേഷിക്കാരോ ആയവരിൽ മൂന്നിലൊന്ന് പേർക്കേ സാമൂഹ്യ സുരക്ഷ പദ്ധതികളുടെ ആനുകൂല്യങ്ങൾ കിട്ടുന്നുള്ളൂ. തൊഴിലില്ലാത്ത ചെറുപ്പ ക്കാരിൽ 81 ശതമാനത്തിനും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നില്ല.

സാമൂഹ്യ സുരക്ഷ പദ്ധതികൾക്കായി ഓരോ രാജ്യങ്ങളും നടത്തുന്ന നിക്ഷേപങ്ങളിലും അന്തരം പ്രകടമാണ്. സമ്പന്ന രാഷ്ട്രങ്ങൾ തങ്ങളുടെ മൊത്ത ആഭ്യന്തര ഉദ്പാദനത്തി(ജി. ഡി.പി)ന്റെ 16 ശതമാനത്തോളം സുരക്ഷ പദ്ധതികൾക്കായി വകയിരുത്തുമ്പോൾ ദരിദ്ര രാഷ്ട്രങ്ങൾക്ക് അവരുടെ ജി.ഡി.പിയുടെ ഒരു ശതമാനം മാത്രമേ ചിലവഴിക്കാനാവുന്നുള്ളൂ. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി കാരണം സാമൂഹ്യ സുരക്ഷ ചിലവുകൾ കുറഞ്ഞത് 30 ശതമാനമെങ്കിലും വർദ്ധിച്ചതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. സാമൂഹ്യ സുരക്ഷക്കായുള്ള അടിസ്ഥാന സൗകര്യ വിസനത്തിനായി അവികസിത രാജ്യങ്ങൾ അവരുടെ ജി.ഡി.പി.യുടെ 16 ശതമാനത്തിന് തുല്യമായ തുകയെങ്കിലും നിക്ഷേപിക്കണമെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

സുസ്ഥിര വികസനം സാദ്ധ്യമാകണമെങ്കിൽ സാമൂഹിക സംരക്ഷണം ഉറപ്പാക്കിയേ മതിയാവൂ. എല്ലാവർക്കും ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, മാന്യമായ വരുമാനം എന്നിവ ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം. അതിന് കൂടുതൽ സാമ്പത്തിക സ്രോതസ്സുകളും അന്താരാഷ്ട്ര തലത്തിലെ സഹകരണവും ഐക്യദാർഢ്യവും അനിവാര്യമാണ്, പ്രത്യേകിച്ച അവികസിത രാജ്യങ്ങൾക്ക്. എങ്കിൽ മാത്രമേ വികസനത്തിന്റെ ഗുണഫലങ്ങൾ ഓരോ രാജ്യാതിർത്തിക്കുള്ളിലും അതിനപ്പുറവുമുള്ള ജനതതികൾക്ക് അനുഭവവേദ്യമാകുക യുള്ളുവെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# എല്ലാവർക്കും മാന്യമായ ജീവിതം

## (സ്ഥാപക ദിനത്തോടനുബന്ധിച്ച് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പുറപ്പെടുവിച്ച പ്രസ്താവന)

ഒക്ടോബർ 3 ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ സ്ഥാപക ദിനമാണ്. "എല്ലാവർക്കും മാന്യമായ ജീവിതം" – അതാണ് ഈ വർഷത്തെ സ്ഥാപക ദിനാചരണത്തോടനുബന്ധിച്ച് ലോക ട്രേഡ് യൂണിയൻ ഉയർത്തുന്ന മുദ്രാവാക്യം.

എല്ലാവർക്കും സൗജന്യവും സാർവ്വത്രികവുമായ ആരോഗ്യ പരിരക്ഷ ലഭ്യമാകുന്ന, എല്ലാവർക്കും മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ് നൽകുന്ന, സംഘടന സ്വാതന്ത്ര്യവും ജനാധിപത്യാവകാശങ്ങളും സംരക്ഷിക്കപ്പെടുന്ന, വിവേചനങ്ങളിൽ നിന്നും വിമോചനം വാഗ്ദാനം ചെയ്യുന്ന, പരിസ്ഥിതി സംരക്ഷണം പരിപാലിക്കുന്ന, സ്വതന്ത്രമായും നിർഭയമായും തീരുമാനങ്ങൾ കൈക്കൊള്ളാൻ സ്വാതന്ത്ര്യവുമുള്ള സാഹചര്യങ്ങളെയാണ് "മാന്യമായ ജീവിതം" എന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്.

ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ പൊതുജനാരോഗ്യ രംഗത്തെ നിക്ഷേപം അനാവശ്യ ചെലവായാണ് മിക്ക ഭരണകൂടങ്ങളും കരുതുന്നത്. പൊതുജനാരോഗ്യ രംഗം ദുർബ്ബലപ്പെടുന്നതിന്റെ ദാരുണ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നത് തൊഴിലാളി വർഗ്ഗമാണെന്ന് ഒരിക്കൽ കൂടി കോവിഡ് മഹാമാരി ലോകത്തിന് കാട്ടിത്തന്നു. കോവിഡ് പകർച്ച വ്യാധി പൊട്ടിപ്പുറപ്പെട്ടത് മുതൽ സൗജന്യവും സാർവ്വത്രികവുമായ രോഗ പരിചരണവും മരുന്നുകളും വാക്സിനുകളുമുൾപ്പെടെയുള്ള രോഗ പ്രതിരോധ സംവിധാനങ്ങളും ലോക ട്രേഡ് യൂണിയൻ ഫെഡറേഷനും അതിന്റെ അംഗ സംഘടനകളും ആവശ്യപ്പെട്ടിരുന്നു. ആരോഗ്യ പരിരക്ഷക്കുള്ള മരുന്നുകളും വാക്സിനുകളും മറ്റും വിൽപ്പനച്ചരക്കുകളാക്കരുതെന്നും അവ സമൂഹത്തിനാകമാനം പ്രയോജനപ്രദമാകും വിധം വിതരണം ചെയ്യപ്പെടണമെന്നും മരുന്നുകളുടേയും വാക്സിനുകളുടേയും പേറ്റന്റ് പൂർണ്ണമായും നിർത്തലാക്കണമെന്നും ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ അന്നും ഇന്നും ആവർത്തിച്ചുന്നയിക്കുന്ന ആവശ്യമാണ്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്താൻ അന്താരാഷ്ട്ര സംഘടനകളോട് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ വീണ്ടും ആവശ്യപ്പെടുകയാണ്.

ഈ ഭൂമിയിലെ മുഴുവൻ ജനങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായതെല്ലാം ഇന്ന് ലോകത്ത് ഉദ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ പുത്തൻ സാമ്പത്തിക നയങ്ങളുടേയും മുതലാളിത്തം നേരിടുന്ന പ്രതിസന്ധിയുടേയും സാഹചര്യത്തിൽ സാധാരണക്കാരും സമ്പന്നരും തമ്മിലുള്ള അന്തരം വല്ലാതെ വർദ്ധിച്ചു. അതോടൊപ്പം കടന്നു വന്ന മഹാമാരി സ്ഥിതിഗതികൾ കൂടുതൽ ഗുരുതരമാക്കി. പകർച്ച വ്യാധിയുടെ മറവിൽ തൊഴിലാളികളുടെ അവകാശങ്ങളേയും തൊഴിൽ സാഹചര്യങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന നടപടികളാണ് വിവിധ രാജ്യങ്ങളിലെ സർക്കാരുകൾ കൈക്കൊള്ളുന്നത്. തൊഴിലില്ലായ്മയും ദാരിദ്ര്യവും വർദ്ധിച്ചു. അവശ്യവസ്തുക്കളുടെ വില വർദ്ധന തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും ദുരിതത്തിലാഴ്ത്തി. എല്ലാവർക്കും സാമൂഹ്യസുരക്ഷയും മാന്യമായ തൊഴിൽ സാഹചര്യങ്ങളും ഉറപ്പ് വരുത്തി തൊഴിലാളികളുടേയും സാധാരണക്കാരുടേയു ജീവിത നിലവാരം മെച്ചപ്പെടുത്തണമെന്നാണ് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ മുന്നോട്ട് വക്കുന്ന ആവശ്യങ്ങളിൽ സുപ്രധാനമായ ഒന്ന്.

സംഘടന സ്വാതന്ത്ര്യവും ജനാധിപത്യാവകാശങ്ങളും ഇന്ന് ലോകമെമ്പാടും വ്യാപകമായി പരിമിതപ്പെടുത്തി യിരിക്കുന്നു. അതിനാൽ പകർച്ച വ്യാധി നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ട മുതലാളിത്ത രാഷ്ട്രങ്ങളുടെ തനിനിറം ഇന്ന് വെളിവാക്കപ്പെടുന്നില്ല. അവരുടെ ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ നയങ്ങളോടും നിലപാടുകളോടും പ്രതികരിക്കാനാവുന്നില്ല. തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടി പോരാടാനാവുന്നില്ല. ആഗോള തലത്തിൽ ജനകീയ പ്രതിരോധങ്ങളും പ്രതിഷേധങ്ങളും അടിച്ചമർത്തപ്പെടുന്നു. പകർച്ച വ്യാധിയുടെ മറവിൽ സംഘടിക്കാനും സമരം ചെയ്യാനുമുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. ട്രേഡ് യൂണിയൻ നേതാക്കളേയും പ്രവർത്തകരേയും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഒരുമ്പെടുന്നു. പല രാജ്യങ്ങളിലും ട്രേഡ് യൂണിയൻ നേതാക്കൾ പീഡിപ്പിക്കപ്പെടുകയാണ്. ചില രാജ്യങ്ങളിൽ അവർ ക്രൂരമായി വധിക്കപ്പെടുക പോലുമുണ്ടായി. എന്നാലിതൊന്നും തൊഴിലാളിയുടെ മനോവീര്യം കെടുത്തില്ല. അടിച്ചമർത്തലുകളെ അതിജീവിക്കാനും ആത്യന്തികമായി വിജയം കൈവരിക്കാനുമുള്ള ശക്തി തൊഴിലാളി വർഗ്ഗത്തിനുണ്ടെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്.

വിവേചനാരഹിതമായൊരു സമൂഹത്തിൽ മാത്രമേ ജനങ്ങൾക്ക് മാന്യമായ ജീവിതം നയിക്കാനാവൂ. ജാതിയുടേയും മതത്തിന്റേയും ദേശത്തിന്റേയും ഭാഷയുടേയും അടിസ്ഥാനത്തിൽ വിവേചനം കാട്ടാത്തതും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പൊതുവായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതും അഭയാർത്ഥികളേയും കുടിയേറ്റക്കാരേയും സൃഷ്ടിക്കുന്ന യുദ്ധങ്ങളും സാമ്രാജ്യത്വ ഇടപെടലുകളും ഇല്ലാത്തതുമായ ഒരു ലോകക്രമത്തിനായി പോരാടുവാൻ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പ്രതിജ്ഞാബദ്ധമാണ്.

പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളി വർഗ്ഗത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. പ്രകൃതി സംരക്ഷണത്തിനും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളാത്ത ഭരണകൂടങ്ങളാണ് പ്രകൃതി ദുരന്തങ്ങൾക്ക് ഉത്തരവാദികൾ. അല്ലാതെ കാലാവസ്ഥാ വ്യതിയാനമല്ല. ശാസ്ത്ര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ഭരണകൂടങ്ങളെ പ്രേരിപ്പിക്കുവാനുള്ള സമ്മർദ്ദം തൊഴിലാളി വർഗ്ഗം ശക്തമാക്കണം.

അന്തർദേശീയതയും ഐക്യവും തൊഴിലാളി വർഗ്ഗത്തിന്റെ ശക്തമായ ആയുധങ്ങളാണ്. അത് തൊഴിലാളികൾക്കിടയിൽ സൗഹൃദവും സഹകരണവും വളർത്തും. അവരുടെ പോരാട്ടങ്ങൾക്കത് കരുത്ത് പകരും. സാധാരണക്കാരുടേയും തൊഴിലാളികളുടേയും മാന്യമായ ജീവിതത്തിന് ഈ കാഴ്ചപ്പാട് അനുപേക്ഷണീയമാണ്.

ബാഹ്യശക്തികളുടെ ഇടപെടലുകളില്ലാതെ അവരവരുടെ കാര്യങ്ങൾ സ്വയം നിശ്ചയിക്കാനുള്ള അവകാശം ഓരോ രാജ്യത്തേയും ജനങ്ങൾക്കുണ്ട്. ആ അവകാശം ലഭിക്കുന്നതിനുള്ള പോരാട്ടങ്ങൾക്ക് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. സാമ്രാജ്യത്വ യുദ്ധങ്ങളുടേയും സാമ്പത്തിക മത്സരങ്ങളുടേയും ഇടപെടലുകൾക്കിടയിൽപ്പെട്ട് ബുദ്ധിമുട്ടുന്ന ജനങ്ങളോടും ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. സിറിയ, യെമൻ, പലസ്തീൻ, ക്യൂബ, വെനിസ്വേല എന്നീ രാജ്യങ്ങളിലെ സാമ്രാജ്യത്വ ഇടപെടലുകളും ഉപരോധങ്ങളും അവസാനിപ്പിക്കുന്നതിന് അന്താരാഷ്ട്ര സംഘടനകൾ മുൻകൈ എടുക്കണം.

"എല്ലാവർക്കും മാന്യമായ ജീവിതം" എന്ന മുദ്രാവാക്യമുയർത്തിയും "പ്രത്യാശ നമ്മുടെ പോരാട്ട"ങ്ങളിലാണെന്ന സന്ദേശം പ്രചരിപ്പിച്ചും ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ സ്ഥാപക ദിനമായ ഒക്ടോബർ - 3 നമുക്ക് സമുചിതമായി ആചരിക്കാം. അതോടൊപ്പം 18-ാമത് ലോക ട്രേഡ് യൂണിയൻ കോൺഗ്രസ്സ് വിജയിപ്പിക്കുന്നതിനായും നമുക്കൊരുങ്ങാം.




**കാസർഗോഡ് താലൂക്ക് ബീഡി വർക്കേഴ്സ് യൂണിയൻ നിർമ്മിച്ച സ. ടി.വി. തോമസ് സ്മാരക മന്ദിരം സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**



**ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ പ്ലാറ്റിനം ജൂബിലി സമ്മേളന ലോഗോ പ്രകാശനം മൃഗസംരക്ഷണ - ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു**



സ. എൻ.കെ. രാഘവൻ അവാർഡ് മികച്ച ആരോഗ്യ പ്രവർത്തകനായ ഡോ. അബ്ദുൾ സലാമിന് നൽകുന്നു



സ. റോസമ്മ പുന്നൂസ് സ്മാരക വായനശാല സംഘടിപ്പിച്ച ചിത്രരചന മത്സരത്തിൽ പങ്കെടുത്ത ന്യൂബി സ്റ്റീഫന്
തിരുവനന്തപുരം നഗരസഭ ഡപ്യൂട്ടി മേയർ ശ്രീ. പി.കെ. രാജു സമ്മാനം നൽകുന്നു